04
2024
ജൂൺ
ചൊവ്വ
ഇടവം 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.198 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-198 | പേജ് 4. വില 2.00 രൂപ






02 ലോക്സഭ തെരഞ്ഞെടുപ്പ് ഫലം, മുൾമുനയിൽ മുന്നണികൾ

03 അക്ഷരമുറ്റത്ത് പിച്ചവച്ച് കുരുന്നുകൾ; സമ്മാനങ്ങളുമായി സർക്കാർ

04 പൊതുവിദ്യാഭ്യാസ രംഗത്ത് ചരിത്രം സൃഷ്ടിച്ച ഇടപെടൽ


# ഇന്നറിയാം ഇന്ത്യൻ വിധി

## ഉറ്റുനോക്കി രാഷ്ട്രീയ കേരളം



തിരുവനന്തപുരം: നിർണായകമായ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വിധി ഇന്നറിയാം. രാവിലെ എട്ടുമണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യ ഫലസൂചനകൾ എട്ടരയോടെ അറിയാം. സംസ്ഥാനത്തെ 20 ലോക്സഭാ മണ്ഡലങ്ങളിലേക്കാണ് ഏപ്രിൽ 26ന് തെരഞ്ഞെടുപ്പ് നടന്നത്.

സംസ്ഥാനത്ത് സുരക്ഷിതവും സുതാര്യവുമായി വോട്ടെണ്ണൽ പൂർത്തിയാക്കാനുള്ള ഒരുക്കങ്ങളെല്ലാം പൂർണമാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ സഞ്ജയ് കൗൾ പറഞ്ഞു. റിട്ടേണിങ് ഓഫിസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫിസർ, സ്ഥാനാർത്ഥികൾ അല്ലെങ്കിൽ അവരുടെ തെരഞ്ഞെടുപ്പ് ഏജന്റുമാർ, തെരഞ്ഞെടുപ്പ് കമ്മിഷൻ നിരീക്ഷകർ എന്നിവരുടെ സാന്നിധ്യത്തിലാണ് സ്ട്രോങ് റൂം തുറക്കുക. ലോഗ് ബുക്കിൽ എൻട്രി രേഖപ്പെടുത്തിയശേഷം വീഡിയോ കവറേജോടെയാണ് ലോക്ക് തുറക്കുക.

ആദ്യമെണ്ണുക ഇലക്ട്രോണിക്കലി ട്രാൻസ്മിറ്റഡ് പോസ്റ്റൽ ബാലറ്റുകളും, പോസ്റ്റൽ ബാലറ്റുകളുമായിരിക്കും. അത് റിട്ടേണിങ് ഓഫിസറുടെ മേശപ്പുറത്താവും എണ്ണുക. അടുത്ത അരമണിക്കൂറിനുള്ളിൽ വോട്ടിങ് മെഷീനുകളിലെ വോട്ടുകൾ എണ്ണിത്തുടങ്ങും. വോട്ടിങ് യന്ത്രത്തിന്റെ കൺട്രോൾ യൂണിറ്റാണ് വോട്ടെണ്ണലിന് ഉപയോഗിക്കുക. പോൾ ചെയ്ത വോട്ടുകളുടെ എണ്ണം രേഖപ്പെടുത്തിയ ഫോം 17 സിയും അത് കൺട്രോൾ യൂണിറ്റുമാണ് വോട്ടെണ്ണൽ മേശപ്പുറത്ത് വയ്ക്കുക.

കൗണ്ടിങ് ടേബിളിൽ കൺട്രോൾ യൂണിറ്റ് എത്തിച്ച ശേഷം കൗണ്ടിങ് ഏജന്റുമാരുടെ സാന്നിധ്യത്തിൽ കൗണ്ടിങ് സൂപ്പർവൈസർ വോട്ടിങ് യന്ത്രം പരിശോധിച്ച് കേടുപാടുകളില്ലെന്ന് ഉറപ്പാക്കിയ ശേഷം സീൽ പൊട്ടിക്കും. തുടർന്ന് ഏജന്റുമാരുടെ നിരീക്ഷണത്തിൽ ഓരോ യന്ത്രത്തിലെയും റിസൾട്ട് ബട്ടണിൽ വിരൽ അമർത്തി ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച വോട്ടിന്റെ എണ്ണം ഏജന്റുമാരെ കാണിച്ച ശേഷം രേഖപ്പെടുത്തും. ഓരോ റൗണ്ടിലും, എല്ലാ വോട്ടിങ് മെഷീനുകളും എണ്ണിത്തീർന്ന ശേഷം തെരഞ്ഞെടുപ്പ് നിരീക്ഷകൻ ഏതെങ്കിലും രണ്ടു മെഷീനിലെ കൗണ്ട് രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് ഉറപ്പു വരുത്തും. അത് കഴിഞ്ഞാൽ ആ റൗണ്ടിന്റെ ടാബുലേഷൻ നടത്തി റിട്ടേണിങ് ഓഫിസർ ഫലം പ്രഖ്യാപിച്ച് രേഖപ്പെടുത്തും.

എല്ലാ റൗണ്ടിലെയും വോട്ടിങ് മെഷീനുകളിലെ വോട്ടെണ്ണൽ പൂർത്തിയാക്കിയ ശേഷം മാത്രമേ വിവിപാറ്റ് സ്ലിപ്പുകളുടെ വെരിഫിക്കേഷൻ നടത്തുകയുള്ളൂ. എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും റാൻഡമായി തെരഞ്ഞെടുത്ത ഏതെങ്കിലും അഞ്ച് പോളിങ് സ്റ്റേഷനിലെ വിവിപാറ്റ് സ്ലിപ്പുകൾ എണ്ണുമെന്നാണ് കണക്ക്. ഒരു വിവിപാറ്റ് മെഷീനിലെ സ്ലിപ്പുകൾ എണ്ണിത്തീരാൻ ഒരു മണിക്കൂറെങ്കിലും എടുക്കും. ഇതിന് ശേഷമാവും അന്തിമവിധി പ്രഖ്യാപനം.

സംസ്ഥാനത്ത് ആകെയുള്ള 2,77,49,158 വോട്ടർമാരിൽ 1,97,77478 പേരാണ് വോട്ട് രേഖപ്പെടുത്തിയത്. 71.27 ശതമാനമായിരുന്നു പോളിങ്. ആബ്സന്റീ വോട്ടർ വിഭാഗത്തിൽ 1,80,865 വോട്ടും തെരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥരുടെ വിഭാഗത്തിൽ 41,904 പോസ്റ്റൽ വോട്ടും രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവുമധികം പോളിങ് നടന്നത് വടകര മണ്ഡലത്തിലാണ്. 78.41 ശതമാനം. 1,11,4950 വോട്ടർമാർ വടകരയിൽ വോട്ട് രേഖപ്പെടുത്തി. പത്തനംതിട്ട മണ്ഡലത്തിലാണ് ഏറ്റവും കുറവ് വോട്ടിങ് നടന്നത്. 63.37 ശതമാനം.

# ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളും അതിലൂടെ പൊടിക്കുന്ന കോടികളും

രണ്ടാം ഭാഗം

**മോഹൻ ശ്രീശൈലം**



ഇന്ത്യൻ രൂപയിൽ പറഞ്ഞാൽ 1.2 ലക്ഷം കൊടി രൂപയാണ് . വാഷിങ്ടെണിലെ ഒരു ലാഭെച്ച ഇല്ലാതെ പ്രാവര്‍ത്തിക്കുന്ന സംഘടന നല്കിയ വിവരമാണിത് . അതേ സമയം Cetnral Media o-f S-tu-d-i-e-s എന്ന ഒരു സ്വതന്ത്ര സ്ഥാപനം ഇന്ത്യയിൽ നടത്തിയ പഠനം പരസ്യ പെടുത്തുന്നത് 2024 ലൊകസഭ തിരഞ്ഞെടുപ്പ്ന്റെ ചിലവുകൾ കണകാക്കിയിരിക്കുന്നത് 1.35 ലക്ഷം കോടി രൂപ എന്നാണ് . അത് ലോക തിരെഞ്ഞെടുപ്പ് ചരിത്രതിലെ ഏറ്റവും വലിയ ചിലവാണ് .2019 ഇൽ ഇത് 60000 കൊടി ആയിരുന്നു . അന്ന് മൊത്തം സമ്മതിദായകർ 62 കൊടിയാണെങ്കില് 2024 ഇൽ അത് 96.6 കോടിയാണ് . അതായത് ശരാശരി ഒരു സമ്മതിദായകന്റെ മേൽ 1400 രൂപ ആണ് ഈ തിരഞ്ഞെടുപ്പിലെ ചിലവ് . 20042005 ഇൽ ഇത് 19285 കോടി ആയിരുന്നു മൊത്തം ചിലവ് .

2019 ഇൽ 32 ദേശീയ പാർട്ടികളും മറ്റ് പ്രാദേശിക പാർട്ടികളും ചേർന്ന് ചിലവാക്കി എന്നു ഔദ്ദ്യോഗികമയി സമര്പ്പിച്ചിരിക്കുന്ന കണക്ക് പ്രകാരം ആ വർഷം 2994 കോടി രൂപയാണ് ചിലവക്കിയത് Association of Democratic Reform-s എന്ന സംഘടന നടത്തിയ പഠന പ്രകാരം 2014 ലെ ലോകസഭ തിരഞ്ഞെടുപ്പിൽ വിജയിച്ച 5 ദെശീയ പര്ട്ടികളുടെ 342 സ്ഥാനാര്തികൾ രേഖപെടുത്തിയ ചിലവുകൾ മൊത്തമായി 75.6 കോടിയാണ് . 2009 ഇൽ 388 സ്ഥാനാർതികൾ തിരഞ്ഞെടുപ്പ് കമ്മിഷനെ ബൊധ്യപെടുത്തിയ ചിലവുകൾ 14. 2 കോടിയാണ് .

എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്തിമാരും തിരഞ്ഞെടുപ്പ് കഴിഞ്ഞ് 90 ദിവസങ്ങൾക്കുള്ളിൽ വരവ് ചെലവ് കണക്കുകൾ തിരഞ്ഞെടുപ്പു കമ്മിഷനെ ബൊധ്യപെടുതെണ്ടതാണ് .

ഇന്ത്യ യിലെ എല്ലാ തിരഞ്ഞെടുപ്പുകളും നിയന്ത്രിക്കുന്നതു (Election Commission of India )(തിരഞ്ഞെടുപ്പു കമ്മിഷനാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ത്യയിലെ ഭരണകൂടങ്ങളെയും ജനപ്രതിനിധികളെയും തിരഞ്ഞെടുക്കുന്ന ഭരണഘടന അംഗീകൃത സ്ഥാപനമാണ് 'ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ'. ഇന്ത്യയിലെ നിയമസഭകളിലേക്കും പാർലമെന്റിലേക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്കും നടക്കുന്ന തിരഞ്ഞെടുപ്പുകൾ നടത്താനായി വിപുലമായ അധികാരങ്ങളാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനുള്ളത്. 1950 ജനുവരി 25ന് ഇന്ത്യൻ ഭരണഘടനാ അനുഛേദം 324 അനുസരിച്ചാണ് ഇത് രൂപീകൃതമായത്.ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഏജൻസി അവലോകനംരൂപപ്പെട്ടത്.

ഇന്ത്യാ ഗവൺമെന്റിന്റെ നിയമനീതി മന്ത്രാലയത്തിന്റെ (M-in-i-stry o-f L-aw an-d Ju-sti-c-e) ഉടമസ്ഥതയിലുള്ള ഒരു ഭരണഘടനാ സ്ഥാപനമാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ (ഇസിഐ). രാജ്യത്ത് തിരഞ്ഞെടുപ്പ് നടത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഇന്ത്യൻ ഭരണഘടന സ്ഥാപിച്ചതാണ് ഇത്. പാർലമെന്റ്, സംസ്ഥാന നിയമസഭകൾ, ഇന്ത്യൻ പ്രസിഡന്റിന്റെ ഓഫീസ്, ഇന്ത്യൻ വൈസ് പ്രസിഡന്റിന്റെ ഓഫീസ് എന്നിവയിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ മേൽനോട്ടം, നിർദ്ദേശം, നിയന്ത്രണം എന്നിവയുടെ അധികാരം തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ് .അങ്ങനെ, തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരു അഖിലേന്ത്യാ സ്ഥാപനമാണ്, അത് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും പൊതുവായതാണ്.

ലോക്സഭ, രാജ്യസഭ, സംസ്ഥാന നിയമസഭകൾ, സംസ്ഥാന ലെജിസ്ലേറ്റീവ് കൗൺസിലുകൾ, രാജ്യത്തിന്റെ രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ ഓഫീസുകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ ഈ ബോഡി നിയന്ത്രിക്കുന്നു. തുടർന്ന് ജനപ്രാതിനിധ്യ നിയമം (R-epr-e-sen-ta-tion o-f th-e P-eop-l-e A-c-t) നടപ്പിലാക്കി . ഒരു തിരഞ്ഞെടുപ്പ് നടത്തുമ്പോൾ ഒരു നിശ്ചിത സാഹചര്യം കൈകാര്യം ചെയ്യാൻ നിയമങ്ങൾ അപര്യാപ്തമായ വ്യവസ്ഥകൾ ഉണ്ടാക്കുമ്പോൾ ഉചിതമായ രീതിയിൽ പ്രവർത്തിക്കാൻ കമ്മിഷന് ഭരണഘടന പ്രകാരം അധികാരമുണ്ട്. ഒരു ഭരണഘടനാപരമായ അധികാരം എന്ന നിലയിൽ, രാജ്യത്തെ ഉന്നത നീതിന്യായ വ്യവസ്ഥ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നിവയ്ക്കൊപ്പം സ്വയംഭരണവും സ്വാതന്ത്ര്യവും ഒരുപോലെ പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിൽ ഒന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ.

1950ൽ സ്ഥാപിതമായ ഈ കമ്മീഷൻ യഥാർത്ഥത്തിൽ ഒരു മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ മാത്രമായിരുന്നു. 1989 ഒക്ടോബർ 16 ന് (1989 പൊതുതെരഞ്ഞെടുപ്പിന്റെ തലേന്ന്) രണ്ട് അധിക കമ്മീഷണർമാരെ കമ്മീഷനിലേക്ക് ആദ്യമായി നിയമിച്ചു, എന്നാൽ അവർക്ക് വളരെ ചെറിയ കാലാവധി മാത്രമേ ഉണ്ടായിരുന്നുള്ളൂ, 1990 ജനുവരി 1 ന് അവസാനിച്ചു.

'തിരഞ്ഞെടുപ്പ് കമ്മീഷണർ ഭേദഗതി നിയമം, 1989' ('T-h-e E-l-e-c-tion Comm-i-ssion-er Am-en-dm-en-t A-c-t, 1989') 1990 ജനുവരി 1ന് അംഗീകരിച്ചു, അത് കമ്മീഷനെ ഒരു മൾട്ടിഅംഗ ബോഡിയാക്കി മാറ്റി: അതിനുശേഷം 3 അംഗ കമ്മീഷൻ പ്രവർത്തിക്കുന്നു, കമ്മീഷൻ തീരുമാനങ്ങൾ ഭൂരിപക്ഷ വോട്ടിലൂടെയാണ് എടുക്കുന്നത്.

ചീഫ് ഇലക്ഷൻ കമ്മീഷണറുടെയും മറ്റ് ഇലക്ഷൻ കമ്മീഷണർമാരുടെയും (സേവന വ്യവസ്ഥകൾ) റൂൾസ്, 1992 പ്രകാരം ഇന്ത്യൻ സുപ്രീം കോടതിയിലെ ജഡ്ജിമാർക്ക് തുല്യമായ ശമ്പളവും അലവൻസുകളും ആണ് . പൊതുവെ ഐഎഎസ് ഓഫീസർമാരായ ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർമാരാണ് തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ സഹായിക്കുന്നത്. ഡയറക്ടർ ജനറൽ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ എന്നിവർ അവരെ കൂടുതൽ സഹായിക്കുന്നു.

സംസ്ഥാന തലത്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഐഎഎസ് ഉദ്യോഗസ്ഥനായ, സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറാണ് തിരഞ്ഞെടുപ്പ് കമ്മീഷനെ സഹായിക്കുന്നത്. ജില്ലാ, നിയോജക മണ്ഡലം തലങ്ങളിൽ, ജില്ലാ മജിസ്ട്രേറ്റുകൾ (ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ എന്ന നിലയിൽ), ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, റിട്ടേണിംഗ് ഓഫീസർമാർ എന്നിവർ തിരഞ്ഞെടുപ്പ് ജോലികൾ ചെയ്യുന്നു.

തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ കാലാവധി ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നില്ല. എന്നിരുന്നാലും, 1991 ലെ ഇലക്ഷൻ ക

(ശേഷം പേജ് 4)

# ചെലവൂർ വേണു : ഇനി ഓർമ്മ

**ശശികുമാർ വാസുദേവ്**

എത്ര എത്ര കണ്ടുമുട്ടലുകൾ.
എത്രയോ പേരുടേയും ഒപ്പം.
ഒറ്റക്കും, കൂട്ടായും.

അപ്പോഴെല്ലാം ചെലവുർവേണുവിന്. സിനിമയും, കവിതയും, ചിത്രകലയും, നോവലും, കഥകളും.

സംവിധായകരും, ക്യാമറാമാൻമാരും, നോവലിസ്റ്റും, കഥാകൃത്തും ഒക്കെ.

നാലു വർഷം മുൻപു വരെ കൂടെ ആരുമില്ലാതെ വേണുവിനെക്കാണാനാവില്ലായിരുന്നു.

പലരും എഴുതുകയും വിവരിക്കുന്നതുമായ വ്യക്തിത്വം മാത്രമായിരുന്നോ ചെലവുർ വേണു.

വേണു മറ്റൊരു വേണുവിൽ മറ്റൊരു വേണുവും ഉണ്ടായിരുന്നു.

ആവേണു പുറത്തു വരുന്നത് പാതിരാവിൽ മറ്റാരുമില്ലാത്തപ്പോഴുള്ള വിശ്വസ്ഥമായ നിമിഷങ്ങളിൽ.

പാതിരാത്രിയിൽ കോഴിക്കോടുകടപ്പുറത്തു വന്നു നിന്ന് കടലിനക്കരെ നിന്ന് കരയിലേക്ക് എണ്ണ നിറച്ച ബാരലുകളും, ഈന്തപ്പഴങ്ങളു മായി വരുന്ന അറബികളെ കണ്ടുകൂടെ എന്നു ചോദിക്കും.

വെള്ളം നിറച്ചു ദൂര നങ്കൂരമിട്ടു കിടക്കുന്ന പത്തേമാരികളെക്കാണുന്നതുപോലെ കൈകൾ ഉയർത്തി യാത്ര ആക്കുന്ന രംഗങ്ങൾ. നിലാവുള്ള രാവുകളിൽ

കാമുകിമാരുമായി കടൽത്തീരത്തെത്തുന്നവരെക്കാണുന്നതുപോലെ സംസാരിക്കുന്ന വേണു.

സുര്യനുദിച്ചു കഴിഞ്ഞാൽ മറ്റൊരു വേണു.

തീവ്രപരിചരണ ചികിത്സയ്ക്കു പോകുന്നതുവരെ എട്ടു മണിയാകുമ്പോൾ ചെലവുരിന്റ് വിളി വരും.പത്രവാർത്തകളായിരിക്കും സംഭാഷണ വിഷയം.

കോഴിക്കോടു സാഹിത്യോത്സവേളകളിൽ വേണു ബസു പിടിച്ച് കടൽത്തീരത്തുള്ള വേദികൾക്കു മുന്നിലെത്തും.പലരും

വേണു വേട്ടാ, വേണു വേട്ടാ എന്നു വിളിച്ച് അടുത്തുവന്ന് കുശലം പറഞ്ഞു കടന്നു പോകും.

ആർക്കും സമയമില്ല.


എല്ലാവരും തിരക്കിൽ.

തന്റ കാലവും കാലഘട്ടവും അവസാനിച്ചു കഴിഞ്ഞെന്നു വേണുവിന് തന്നെ തോന്നി എന്നു തോന്നിപ്പോയി.

ബീച്ച് ഹോട്ടലിലെയും, അളകാപുരിയിലെയും പുൽത്തകിടിയിരിക്കുമ്പോഴും വരാൻ പോകുന്ന തന്റ പുതിയ പ്രസിദ്ധീകരണത്തെപ്പറ്റിപ്പറയും.

ഒരിക്കലും പിറക്കാതെ പോയ മക്കളെ ഓർത്തു അന്ത്യം വരിച്ച പിതാക്കൻമാരെപ്പോലെ ചെലവുർവേണു യാത്രയായി.

മൂന്നു മാസം മുൻപും പറഞ്ഞു തന്റെ ശേഘരങ്ങളിലുള്ള സൈക്കോയുടെയും മറ്റു പ്രസിദ്ധീകരണങ്ങളും ഡിജിറ്റലൈസ് ചെയ്തു വെയ്ക്കണം.



കെ ജി ജയനെക്കൊണ്ടു തന്നെപ്പറ്റിയുള്ള ഡോക്യുമെന്ററി ചെയ്യിക്കണം.

' അവനേ എന്നെയും, ചിന്ത രവിയെയും, ഞങ്ങളുടെ ഒക്കെ ഒപ്പം നിന്നവരെ അറിയു.'

പലർക്കും അറിയാത്ത ചെലവുർ വേണു ഉണ്ട്.പലർക്കും വ്യത്യസ്ഥാനുഭവങ്ങൾ.

വിട.

ചിന്ത രവി സംവിധാനം ചെയ്ത 'ഇനിയും മരിച്ചിട്ടാനമ്മൾ ' നമ്മളുമായി 1980 ൽ ബോംബെയിൽ പ്രദർശിപ്പിക്കാനെത്തിയ ഒത്തുകൂടൽ മുതൽ തുടർന്ന ബന്ധം.

ഇനിയും അവസാനിക്കില്ല.

പാർക്കലാം.







തിരുവനന്തപുരം ജില്ലാതല പ്രവേശനോത്സവ ഉദ്ഘാടനം മന്ത്രി ജി ആർ അനിൽ നിർവഹിക്കുന്നു

# പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് 1000 പച്ചത്തുരുത്തുകൾക്ക് കൂടി തുടക്കം

പച്ചത്തുരുത്തുകളുടെ വ്യാപനത്തിനായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ബൃഹത് കാമ്പയിന് ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ തുടക്കമാകും. ഇതിന്റെ ഭാഗമായി 1000 ത്തിലധികം പച്ചത്തുരുത്തുകൾ കൂടി തുടർന്നുള്ള ദിവസങ്ങളിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിക്കും.

ഒരു ഗ്രാമപഞ്ചായത്ത്നഗരസഭയിൽ ഒന്നു വീതം എന്ന തോതിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പച്ചത്തുരുത്തിനായി തൈകൾ നടും. പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ജൂൺ 5 പരിസ്ഥിതി ദിനത്തിൽ എല്ലാ ജില്ലകളിലും നടക്കും. മന്ത്രിമാർ,എം.എൽ.എ മാർ,ജില്ലാ കളക്ടർമാർ,ജനപ്രതിനിധികൾ എന്നിവർ വിവിധ സ്ഥലങ്ങളിൽ പച്ചത്തുരുത്തുകളിൽ വൃക്ഷത്തൈ നട്ടു കൊണ്ട് പരിപാടികളുടെ ഭാഗമാകും.തിരുവനന്തപുരം മാണിക്കൽ ഗ്രാമപഞ്ചായത്തിൽ കാവോരം വീഥിയിൽ മന്ത്രി ജി ആർ അനിൽ പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം വൃക്ഷതൈ നട്ട് നിർവഹിക്കും. തൃശ്ശൂർ അവണൂർ ഗ്രാമപഞ്ചായത്ത് ശാന്ത ഹയർ സെക്കന്ററി സ്കൂളിൽ സേവിയർ ചിറ്റിലപ്പിള്ളി ഖഘഅ യും കോഴിക്കോട് മണിയൂർ ജവഹർ നവോദയ വിദ്യാലയത്തിൽ കെ പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം എൽ എ യും പച്ചത്തുരുത്തുകളുടെ തൈ നടീൽ ഉദ്ഘാടനം ചെയ്യും. മലപ്പുറം ജില്ല പൊന്നാനി നഗരസഭയിലെ ഈശ്വരമംഗലം കർമ്മ റോഡിൽ പി നന്ദകുമാർ എം.എൽ.എ യും പത്തനംതിട്ട ജില്ല റാന്നി ഗ്രാമപഞ്ചായത്തിൽ പരമ്പരാഗത തിരുവാഭരണ പാതയിൽ അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ യും പച്ചത്തുരുത്തുകളുടെ ഉദ്ഘാടനം നിർവഹിക്കും.

കണ്ണൂർ ഇരിട്ടി നഗരസഭയിൽ എടക്കാനം റിവർ വ്യൂ പോയിന്റിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ യും വയനാട് മുട്ടിൽ ഗ്രാമപഞ്ചായത്തിൽ കാരപ്പുഴ ഡാമിന് സമീപം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാരും ഉദ്ഘാടനം ചെയ്യും.

കാസർഗോഡ് മടിക്കൈ ഗ്രാമപഞ്ചായത്തിൽ വെണ്ണനൂർ അമ്പലം പരിസരത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.ബേബി ബാലകൃഷ്ണനും, പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് കിൻഫ്ര ഇന്റസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോളും പച്ചത്തുരുത്ത് ഉദ്ഘാടനം നിർവഹിക്കും.

എറണാകുളം ജില്ലയിൽ കൊച്ചി ചാത്യാത്തിൽ കോർപറേഷൻ മേയർ അഡ്വ. എം അനിൽ കുമാർ ഉദ്ഘാടനം ചെയ്യും. ഇടുക്കി അറക്കുളം ഗ്രാമപഞ്ചായത്തിൽ അറക്കുളം ജഒഇ ക്ക് സമീപം ജില്ലാ കളക്ടർ ഷീബ ജോർജ് ഉദ്ഘാടനം നിർവഹിക്കും. കോട്ടയം ജില്ലാതല ഉദ്ഘാടനം ജൂൺ 6 ന് നടക്കും. കുമരകം എൽ.പി സ്കൂളിൽ മന്ത്രി വി.എൻ.വാസവൻ പച്ചത്തുരുത്തിൽ വൃക്ഷ തൈ നടും. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷന്റെ സഫലമായ പദ്ധതിയാണ് പച്ചത്തുരുത്ത്. ഒഴിഞ്ഞുകിടക്കുന്ന സർക്കാർ ഭൂമി, മാലിന്യകേന്ദ്രങ്ങളായി മാറിയ പൊതു ഇടങ്ങൾ, തരിശുഭൂമി തുടങ്ങിയവ കണ്ടെത്തി അവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി എന്നിവയുടെ സേവനം കൂടി പ്രയോജനപ്പെടുത്തി പ്രാദേശിക ജൈവ വൈവിധ്യം ഉറപ്പാക്കി കൂട്ടമായി തൈകൾ നട്ടുവളർത്തുന്ന പദ്ധതിയാണ് പച്ചത്തുരുത്ത്. അഞ്ചു വർഷം പിന്നിടുമ്പോൾ പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ വിവിധ ഇടങ്ങളിലായി 850 ഏക്കർ വിസ്തൃതിയിൽ 2950 പച്ചത്തുരുത്തുകൾ ഹരിതകേരളം മിഷൻ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

# പൊതുവിദ്യാഭ്യാസ രംഗത്ത് ചരിത്രം സൃഷ്ടിച്ച ഇടപെടൽ:മന്ത്രി ജി ആർ അനിൽ

പൊതുവിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരവും ഗുണമേന്മയും ഉറപ്പാക്കാൻ ചരിത്രപരമായ ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിയതെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ്, ഉപഭോക്തൃ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ അനിൽ പറഞ്ഞു. മീനാങ്കൽ ഗവ. ട്രൈബൽ സ്കൂളിൽ നടന്ന തിരുവനന്തപുരം ജില്ലാതല പ്രവേശനോത്സവ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുന്നു മന്ത്രി.

പതിനായിരക്കണക്കിന് വിദ്യാലയങ്ങൾ ഇന്ന് സന്തോഷത്തിന്റെ കേന്ദ്രങ്ങളായി മാറുന്നു. സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും പ്രവേശനോൽസവ വേദിയായി മാറി. രക്ഷിതാക്കൾക്കൊപ്പമെത്തുന്ന കുഞ്ഞുങ്ങളുടെ നിലവിളികൾ ഇല്ലാതായി എന്നതാണ് ഏറെ പ്രധാനപ്പെട്ട കാര്യം. ഭയമില്ലാതെ സന്തോഷത്തോടെ വിദ്യാർഥികളെ സ്വീകരിക്കാൻ അധ്യാപകരും പൊതുസമൂഹവും തയ്യാറാകുന്ന സന്തോഷകരമായ കാഴ്ചയാണ് ലോകം കാണുന്നത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തിന്റെ തിരിച്ചു വരവ് പൊതുസമൂഹവും ഗവൺമെന്റും ഒന്നിച്ച് ഉറപ്പാക്കിയതാണ്. വിദ്യാഭ്യാസ ചരിത്രത്തിൽ പൊതുവിദ്യാഭ്യാസ രംഗം ഇത്രയധികം മുന്നേറിയിരിക്കുന്നു. മികച്ച കെട്ടിടങ്ങളും സ്മാർട്ട് ക്ലാസ്റൂമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും വിദ്യാർഥികൾക്ക് ലഭ്യമായി. പത്താം ക്ലാസ് പരീക്ഷയിൽ ഒരു വിദ്യാർഥി പോലും ജയിക്കാതിരുന്ന സ്കൂളുകളിൽ പലതും ഇന്ന് 100% വിജയത്തിലേക്കെത്തി. എ പ്ലസുകൾ നേടുന്ന വിദ്യാർഥികളുടെ എണ്ണവും വർധിച്ചു. ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടി ജീവിത വിജയം നേടുന്നതിന് നല്ലൊരു അധ്യയന വർഷം ആശംസിക്കുന്നതായും മന്ത്രി ആശംസിച്ചു. ഒന്നാം ക്ലാസ് വിദ്യാർഥികൾക്ക് മന്ത്രി പഠനോപകരണങ്ങൾ വിതരണം ചെയ്തു. ജി സ്റ്റീഫൻ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ സ്വാഗതമാശംസിച്ചു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇന്ദുലേഖ എസ്, ആര്യനാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വിജു മോഹൻ, ജില്ലാ പഞ്ചായത്ത് അംഗം മിനി എ എന്നിവർ സംബന്ധിച്ചു. വിദ്യാഭ്യാസ ഉപഡയറക്ടർ ദിപാ മാർട്ടിൻ നന്ദി അറിയിച്ചു.

## ക്യാഷ് അവാർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി അംഗങ്ങളുടെ മക്കളിൽ 202324 അധ്യയന വർഷത്തിൽ പത്താം തരത്തിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയ വിദ്യാർഥികൾക്ക് ക്യാഷ് അവാർഡ് നൽകും. അർഹരായ അംഗങ്ങൾ വെള്ളപേപ്പറിൽ അപേക്ഷയും, മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, അംശദായ പാസ്ബുക്കിന്റെ പകർപ്പ്, അംഗത്വ കാർഡിന്റെ പകർപ്പും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും സഹിതം ജൂൺ 14നു മുമ്പ് ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.

## പഠനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സരുക്ഷാ പദ്ധതി അംഗങ്ങളുടെ മക്കളിൽ 202324 അധ്യയന വർഷത്തിൽ ഘഗഏ, 1ാം ക്ലാസുകളിൽ പുതുതായി അഡ്മിഷൻ നേടുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുന്നു. അർഹരായ അംഗങ്ങൾ വെള്ളപേപ്പറിൽ അപേക്ഷയും, അഡ്മിഷൻ എടുത്തതിന്റെ തെളിവും, അംശാദായ പാസ് ബുക്കിന്റെ പകർപ്പും, അംഗത്വ കാർഡിന്റെ പകർപ്പും, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും സഹിതം ജൂൺ 10 നു മുൻപായി ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.

## ഹയർസെക്കൻഡറി (വൊക്കേഷണൽ) വിഭാഗം പ്രവേശനം ജൂൺ 5 മുതൽ

ഹയർസെക്കൻഡറി (വൊക്കേഷണൽ) വിഭാഗം എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത കോഴ്സുകളിലേക്കുള്ള ഒന്നാംവർഷ ഏകജാലക പ്രവേശനത്തിനായുള്ള ഒന്നാം അലോട്ട്മെന്റ് ംംം.വലെൃീമേഹ.സലൃമഹമ.ഴീ.ശി ൽ ജൂൺ 5 മുതൽ പ്രവേശനം സാധ്യമാകും വിധം പ്രസിദ്ധീകരിക്കും.v-h-sepor-ta-l ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പറും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് A-l-lo-tm-en-t R-e-su-l-t എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് അലോട്ട്മെന്റ് വിവരങ്ങൾ മനസിലാക്കുന്നതിനും അലോട്ട്മെന്റ് സ്ലിപ് ഡൗൺലോഡ് ചെയ്യുന്നതിനും കഴിയും.

ഒന്നാം അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ജൂൺ 5 മുതൽ ജൂൺ 7, വൈകിട്ട് നാലുവരെ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള സ്കൂളുകളിൽ പ്രവേശനം നേടാം. ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർഥികൾക്ക് സ്ഥിര പ്രവേശനം ആണ് ലഭിക്കുന്നത്. ഇവർക്ക് താത്കാലിക പ്രവേശനം അനുവദനീയമല്ല. താഴ്ന്ന ഓപ്ഷനിലാണ് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതെങ്കിൽ ഉയർന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കാൻ കാത്തിരിക്കുന്നതിനായി വിദ്യാർത്ഥിക്ക് താത്കാലിക പ്രവേശനം നേടാം.

അലോട്ടമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർഥി ജൂൺ ഏഴിന് വൈകിട്ട് നാലിനു മുമ്പ് അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ റിപ്പോർട്ട് ചെയ്ത് സ്ഥിരമായോ താത്കാലികമായോ പ്രവേശനം നേടാതിരുന്നാൽ, പ്രവേശന പ്രക്രിയയിൽ നിന്നും പുറത്താകും.

## ബാർ കോഴ പ്രചാരണം ചിലരുടെ വ്യാമോഹം: പ്രതിപക്ഷത്തിന് കിട്ടിയത് തുരുമ്പിച്ച ആയുധമെന്ന് മന്ത്രി

പാലക്കാട്: ബാർ കോഴ ആരോപണവുമായി ബന്ധപ്പെട്ട് പ്രതികരണവുമായി എക്സൈസ് മന്ത്രി എം. ബി. രാജേഷ്. ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിൽ കൈകടത്തിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. സർക്കാർ പ്രവർത്തിക്കുന്നത് കൂട്ടുത്തരവാദിത്തത്തോടെയാണെന്നും മറിച്ചുള്ള പ്രചരണം ചിലരുടെ വ്യാമോഹം മാത്രമാണെന്നും മന്ത്രി പാലക്കാട്ട് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ബാർ കോഴയിൽ സർക്കാർ അന്വേഷണം പ്രഖ്യാപിക്കില്ലെന്ന് പ്രതിപക്ഷം കരുതി. ഒരു ദിവസം കൊണ്ട് കോഴ ആരോപണത്തിൻറെ മുനയൊടിഞ്ഞു. സാധാരണ വിവാദങ്ങൾ ഒരു മാസമെങ്കിലും നീണ്ടുനിൽക്കും. പ്രതിപക്ഷത്തിന് ഇത്തവണ ലഭിച്ചത് തുരുമ്പിച്ച ആയുധമാണ്. പ്രതിപക്ഷം കൂടുതൽ നല്ല ആയുധം തേടുന്നത് നല്ലതായിരിക്കുമെന്നും എം. ബി. രാജേഷ് പരിഹസിച്ചു.

## പുന്നമടയിൽ മദ്യപസംഘവും ഹൗസ് ബോട്ട് ജീവനക്കാരും ഏറ്റുമുട്ടി; മൂന്ന് പേർക്ക് പരിക്ക്

ആലപ്പുഴ: പുന്നമട ഹൗസ് ബോട്ട് ടെർമിനലിൽ മദ്യപസംഘവും ഹൗസ് ബോട്ട് ജീവനക്കാരും ഏറ്റുമുട്ടി. ഹൗസ് ബോട്ട് ജീവനക്കാരായ മൂന്ന് പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഇവർ ആലപ്പുഴ മെഡിക്കൽ കോളജിൽ ചികിത്സയിലാണ്. ഇവരിൽ ഒരാളുടെ താടിയെല്ല് തകർന്നിട്ടുണ്ട്. ഇയാൾക്ക് താടിയെല്ലിനും തലയ്ക്കും ശസ്ത്രക്രിയ നടത്തിയെന്നാണ് വിവരം. ഞായറാഴ്ച ഉച്ചയോടെ പുന്നമടയിലെ നടപ്പാതയിൽ ഇരുന്ന് ചിലർ മദ്യപിച്ചത് ഹൗസ് ബോട്ട് ജീവനക്കാർ ചോദ്യം ചെയ്തു. ഇതിന് പിന്നാലെ ഇവിടെനിന്ന് മടങ്ങിയ ഇവർ വൈകിട്ട് വീണ്ടുമെത്തി ജീവനക്കാരെ മർദിക്കുകയായിരുന്നു. സംഭവത്തിൽ ആലപ്പുഴ നോർത്ത് പോലീസ് കേസെടുത്തിട്ടുണ്ട്. ആക്രമണം നടത്തിയവരിൽ ഒരാൾ കൊലക്കേസ് പ്രതിയാണെന്നും പോലീസ് അറിയിച്ചു.

## പെൻഷൻകാർ വിവരങ്ങൾ നൽകണം

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ നിന്നും പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന എല്ലാ അംഗങ്ങളും സേവന സോഫ്റ്റ് വെയറിന്റെ അപ്ഡേഷന്റെ ഭാഗമായി ആധാറിന്റെ പകർപ്പും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും, മസ്റ്ററിങ് ചെയ്ത പേപ്പറുമായി ജൂൺ 30ന് മുമ്പ് ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ (ചെന്തിട്ട) എത്തണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# ഗാന്ധിജിയുടെ കണ്ണട കാണിച്ചാൽ മാത്രം മഹാത്മജിയുടെ മൂല്യം തിരിച്ചറിയാൻ കഴിയില്ല : ഡോ. ശശി തരൂർ എം. പി.

തിരുവനന്തപുരം: ജൂൺ 3മഹാത്മജിയുടെ കണ്ണട എടുത്ത് പ്രദർശിപ്പിച്ചാൽ മാത്രം അദ്ദേഹത്തിന്റെ മൂല്യം എന്തെന്ന് അറിയാൻ കഴിയില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡിയോട് കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗം ഡോ. ശശി തരൂർ എം. പി പറഞ്ഞു.

രാഷ്ട്രപിതാവായ മഹാത്മജിയെ ഇകഴ്ത്തി കാണിച്ച നരേന്ദ്ര മോഡിയുടെ നിലപാടിൽ പ്രതിഷേധിച്ചു കൊണ്ട് കെ. പി. സി. സി ഗാന്ധിദർശൻ സമിതി പോസ്റ്റ് ഓഫീസ് പടിക്കൽ നടത്തിയ 'മഹാത്മജിയുടെ ആത്മകഥ' നരേന്ദ്ര മോഡിക്ക് അയച്ചുകൊടുക്കുന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനത്തിനെതിരെ പോരാടിയ കാലം മുതൽക്കു തന്നെ ലോകാരാധ്യനായി മാറിയ മഹാത്മജിയെ പഠിക്കാൻ ആർ. എസ്. എസ് ശാഖയിൽ നിന്ന് മാത്രം ശിക്ഷണം നേടിയ നരേന്ദ്ര മോഡി എന്ന ആർ. എസ്. എസ് കാരന് ഇനിയും കഴിഞ്ഞിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ ഈ പരാമർശം കൊണ്ട് ലോകജനത മനസിലാക്കുന്നത്.

ഭാരതത്തിന്റെ പ്രധാനമന്ത്രി സ്ഥാനത്തിരിക്കുന്ന അദ്ദേഹം ഇതു വഴി ഭാരതീയരെ ഒന്നടങ്കം അപമാനിക്കുകയാണ് ചെയ്തത്. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് പറഞ്ഞ ഗാന്ധിജിയെ ഇനിയെങ്കിലും നരേന്ദ്ര മോഡി പഠിക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ടാണ് മഹാത്മജിയുടെ ആത്മകഥ അദ്ദേഹത്തിന് അയച്ചു കൊടുക്കുന്നതെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു. ഗാന്ധി ദർശൻ സമിതി ജില്ലാ പ്രസിഡന്റ് വഞ്ചിയൂർ രാധാകൃഷ്ണൻ അധ്യക്ഷതവഹിച്ചു. ഡി. സി. സി പ്രസിഡൻ പാലോട് രവി, കെ. പി. സി. സി ജനറൽ സെക്രട്ടറി ജി. സുബോധൻ, സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് കമ്പറ നാരായണൻ, പരശുവയ്ക്കൽ രാധാകൃഷ്ണൻ, നദീറാ സുരേഷ്, കോട്ടമുകൾ സുബാഷ്, കടകംപള്ളി ഹരിദാസ്, ആർ. ഹരികുമാർ,

മോഹനൻ പള്ളിക്കൽ, അനിൽകുമാർ പി. വൈ, വി. ഹരികുമാർ, ലീലാമ്മ ഐസക്, പേരൂർക്കട മോഹനൻ, വിഴിഞ്ഞം ഹനീഫ, ജെ. എഡിസൻ, മുരുകേശൻ, രവീന്ദ്രൻ നായർ, എ. ഹബീബ്,

വേലായുധൻ പിള്ള എസ്, ഷാജി കുര്യൻ,

എം. സോളമൻ, കെ. മനോ മോഹൻ, ജ്യോതിഷ് കുമാർ, സഞ്ജീവ്, മൊയ്തീൻ ഹാജി, പട്ടം തുളസി,

മാത്യൂവിൻസെന്റ്, ചന്ദ്രശേഖരൻ നായർ, ജി. ഗിരീഷ്, നൂമാൻ, പാളയം സുധി തുടങ്ങിയവർ പ്രസംഗിച്ചു.

# മാസപ്പടി കേസ്: കുഴൽനാടൻറെ ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി മാറ്റിവച്ചു

കൊച്ചി: മാസപ്പടി കേസിൽ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി വിജിലൻസ് കോടതി തള്ളിയതിനെതിരേ മാത്യു കുഴൽനാടൻ എംഎൽഎ സമർപ്പിച്ച റിവിഷൻ ഹർജി പരിഗണിക്കുന്നത് മാറ്റി ഹൈക്കോടതി. ഈ മാസം പതിനെട്ടിലേക്കാണ് ഹർജി മാറ്റിയത്.

റിവിഷൻ പെറ്റിഷനുകൾ ഒരുമിച്ച് പരിഗണിക്കാനാണ് ജസ്റ്റീസ് കെ. ബാബു അധ്യക്ഷനായ സിംഗിൾ ബെഞ്ചിൻറെ തീരുമാനം. ഗിരീഷ് ബാബുവിൻറെ ഹർജിക്കൊപ്പം കുഴൽനാടൻറെ ഹർജിയും പരിഗണിക്കും. തിരുവനന്തപുരം വിജിലൻസ് കോടതിയുടെ നടപടിക്രമങ്ങളിലും തീരുമാനത്തിലും പാളിച്ചപറ്റിയെന്നും ഉത്തരവ് റദ്ദാക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.

മേയ് ആറിനാണ് വിജിലൻസ് കോടതി കുഴൽനാടൻറെ ഹർ!ജി തള്ളിയത്. താൻ നൽകിയ തെളിവുകൾ പരിശോധിക്കാതെയാണ് വിജിലൻസ് കോടതി ഉത്തരവിട്ടതെന്നും മുഖ്യമന്ത്രിക്കെതിരേ ആരോപണമുന്നയിച്ചതുകൊണ്ട് രാഷ്ട്രീയപ്രേരിതമെന്നു പറഞ്ഞ് പരാതി തള്ളാനാവില്ലെന്നും മാത്യു കുഴൽനാടൻ ഹർജിയിൽ പറയുന്നു.

പിണറായി വിജയൻ ഉൾപ്പടെയുള്ളവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരവും ക്രിമിനൽ ഗൂഢാലോചനയ്ക്കും കേസെടുക്കണം. ക്രിമിനൽ നടപടിക്രമമനുസരിച്ച് പരാതി ലഭിച്ചാൽ പരാതി അന്വേഷണ ഏജൻസിക്ക് കൈമാറണമെന്നാണ് നിയമം. അല്ലെങ്കിൽ വിചാരണ കോടതി നടപടിക്രമങ്ങൾ സ്വീകരിക്കണം. ഇത് രണ്ടും തിരുവനന്തപുരം വിജിലൻസ് കോടതി ചെയ്തില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു.

# പൂന്തുറയിൽ വീടിൻറെ ബാൽക്കണി തകർന്നു: വിദ്യാർഥിക്ക് കൈ നഷ്ടമായി; വയോധികയ്ക്ക് പരിക്കേറ്റു

പൂന്തുറ: പൂന്തുറ പരുത്തിക്കുഴിയിൽ വീടിൻറെ കോൺക്രീറ്റ് ഭാഗം (ബാൽക്കണി) തകർന്ന് വീണു രണ്ടു പേർക്ക് ഗുരുതരപരിക്കേറ്റു. ഇന്നലെ വൈകുന്നേരം 4.30 നായിരുന്നു അപകടം നടന്നത്.

പരുത്തിക്കുഴി ത്രിവേണി നഗർ ഹൗസ് നമ്പർ 88 സൈനബ ബീവിയുടെ ഉടമസ്ഥതയിലുള്ള വീടിൻറെ ബാൽക്കണിയാണ് തകർന്നു വീണത്. സംഭവം നടക്കുമ്പോൾ സൈനബ ബീവി ബാൽക്കണിയിൽ ആയിരുന്നു.

തകർന്ന ബാൽക്കണിയുടെ അടിഭാഗത്തായി നിൽക്കുകയായിരുന്ന ഇവരുടെ ചെറുമകൻ അഹമ്മദ് ഷാഹിമിൻറെ (17) പുറത്തുകൂടിയാണ് കോൺക്രീറ്റ് പാളി ഒന്നാകെ പതിച്ചത്. അഹമ്മദ് ഷാഹിം അരമണിക്കൂറോളം കോൺക്കീറ്റ് പാളിയുടെ അടിയിൽ കുടുങ്ങി കിടക്കുകയായിരുന്നു.

സംഭവം നടന്നയുടൻ സമീപവാസികൾ ഓടിയെത്തി രക്ഷാപ്രവർത്തനം നടത്തിയെങ്കിലും കോൺക്രീറ്റ് പാളിക്കടിയിൽനിന്നും ഷാഹിമിനെ രക്ഷപ്പെടുത്താനായില്ല. തുടർന്നു കൂടുതൽ ആളുകളെത്തി അഹമ്മദിനെ പുറത്തെടുത്തപ്പോൾ ഇയാളുടെ ഇടത് കൈ മുട്ടിനു താഴെ മുറിഞ്ഞ് മാറിയിരുന്നു. ശരീരത്തിലുടനീളം മുറിവുകൾ സംഭവിച്ചിട്ടുണ്ട്. തകർന്ന ബാൽക്കണിക്കൊപ്പം താഴെയ്ക്ക് വീണ സൈനബ ബീവിയുടെ കൈയ്ക്കും കാലിനും ഒടിവുകൾ സംഭവിച്ചിട്ടുണ്ട്.

നാട്ടുകാരുടെ നേതൃത്വത്തിൽ ഇരുവരെയും മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചു. അഹമ്മദ് ഷാഹിം പ്ലസ് ടു വിദ്യാർഥിയാണ്.

# അക്ഷരമുറ്റത്ത് പിച്ചവച്ച് കുരുന്നുകൾ; സമ്മാനങ്ങളുമായി സർക്കാർ: പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി

കൊച്ചി: പുതിയ അധ്യയന വർഷത്തിന് തുടക്കമായതോടെ അക്ഷരമുറ്റത്തേക്ക് പിച്ചവച്ച് കുരുന്നുകളെത്തി. ആടിയും പാടിയും അവർ പ്രവേശനോത്സവം ആഘോഷമാക്കി മാറ്റി.

കൊച്ചി എളമക്കര ജിഎച്ച്എസ്എസിൽ മുഖ്യമന്ത്രി പിണറായി വിജയൻ സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ വിദ്യാഭ്യാസം പരമപ്രധാനമായി കണ്ടുകൊണ്ടുള്ള നിലപാടാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനാണ് 2016 ൽ പൊതുവിദ്യാഭ്യാസ സംരക്ഷണം യജ്ഞം തുടങ്ങിയത്. അത് പൊതു വിദ്യാഭ്യാസ രംഗത്ത് സമൂല മാറ്റങ്ങൾ ഉണ്ടാക്കി. കുട്ടികളുടെ വിദ്യാഭ്യസം സമൂഹത്തിൻറെ കൂടെ ഉത്തരവാദിത്തമായി മാറിയെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

വിജ്ഞാനത്തിനും വിനോദത്തിനും ഉപാധികളുള്ള ഇടമായി സ്കൂളുകൾ മാറി. പുതിയകാലത്തെ നേരിടാനുള്ള പ്രാപ്തി കുട്ടികളിൽ ഉണ്ടാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യം. നിരവധി സൗകര്യങ്ങളാണ് കുട്ടികൾക്കായി സ്കൂളുകളിൽ ഒരുക്കിയത്. ഇതിനെയെല്ലാം ഉപയോഗിച്ച് ജീവിതത്തിൽ മുന്നേറാൻ കുട്ടികൾക്ക് സാധിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു. വിദ്യാഭ്യാസം കുട്ടിയുടേയും മാതാപിതാക്കളുടേയും മാത്രമല്ല, അത് ഒരു സമൂഹത്തിൻറെ ഉത്തരവാദിത്തമായി മാറിയെന്നതാണ് കേരളത്തിൻറെ പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രത്യേകതയെന്നും കാലത്തിനൊത്ത് സ്വയം നവീകരിക്കാൻ അധ്യാപകർക്കും ഉത്തരവാത്തമുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഒന്നാം ക്ലാസിലെത്തിയ കുട്ടികളെ വിദ്യാഭ്യാസമന്ത്രിയുടെ നേതൃത്വത്തിൽ സമ്മാനങ്ങൾ നല്കിയാണ് സ്വീകരിച്ചത്. തുടർന്ന് പ്രവേശനോത്സവഗാനത്തിൻറെ ദൃശ്യാവിഷ്കാരം കുട്ടികൾ അവതരിപ്പിച്ചു. തുടർന്ന് വിദ്യാഭ്യാസ മന്ത്രി അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി പി. രാജീവ്, മേയർ അഡ്വ. എം. അനിൽകുമാർ, എംപിമാരായ ഹൈബി ഈഡൻ, ജെബി മേത്തർ എന്നിവരും എംഎൽഎമാരും പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരും പങ്കെടുത്തു. പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി വരെയുള്ള 39,94,944 കുട്ടികളാണ് ഇന്നു സ്കൂളുകളിലെത്തുന്നത്. 2,44,646 കുരുന്നുകളാണ് ഇന്ന് ഒന്നാം ക്ലാസിലേക്ക് പ്രവേശിക്കുന്നത്.

സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നാം ക്ലാസിലേക്ക് ഈ അധ്യയന വർഷം പ്രവേശനം നേടിയത് 2.44 ലക്ഷം വിദ്യാർഥികളാണ്. കഴിഞ്ഞ വർഷത്തേക്കാൾ 53423 വിദ്യാർഥികളുടെ കുറവാണ് ഇക്കുറി ഒന്നാം ക്ലാസ് പ്രവേശനത്തിൽ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്.

# കേരളകർണാടകലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല

ജൂൺ അഞ്ച്, ആറ് തീയതികളിൽ കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ, ഈ ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി.

ഇന്ന് ഗൾഫ് ഓഫ് മന്നാർ, കന്യാകുമാരി തീരം, അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം, തെക്ക് പടിഞ്ഞാറൻ അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യകിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ തെക്കൻ ഭാഗങ്ങളും, വടക്കൻ ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

നാളെ മുതൽ ജൂൺ ഏഴ് വരെ ഗൾഫ് ഓഫ് മന്നാർ, കന്യാകുമാരി തീരം, അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം, തെക്കൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന മധ്യ ബംഗാൾ ഉൾക്കടൽ, വടക്കൻ ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# പതിമൂന്നുവയസുകാരിക്ക് അശ്ളീല ദൃശ്യങ്ങൾ അയച്ചു നൽകിയ 37 കാരൻ പിടിയിൽ

കടയ്ക്കൽ: പതിമൂന്നു വയസ് മാത്രമുള്ള പെൺകുട്ടിയുടെ നഗ്ന ചിത്രങ്ങൾ കൈക്കലാക്കുകയും അശ്ലീല ദൃശ്യങ്ങൾ പെൺകുട്ടിക്ക് അയച്ചു കൊടുക്കയും ചെയ്ത കേസിൽ ഒരാൾ പിടിയിൽ. ചേർത്തല വടക്കേ ചിറക്കൽപാണാപ്പള്ളിയിൽ വിനോദ് (37) ആണ് അറസ്റ്റിലായത്. ഒരുമാസം മുമ്പ് ഇൻസ്റ്റഗ്രാം വഴിയാണ് വിനോദ് പെൺകുട്ടിയുമായി പരിചയപ്പെടുന്നത്. അടുപ്പം സ്ഥാപിച്ച ഇയാൾ പെൺകുട്ടിക്ക് നഗ്ന ചിത്രങ്ങൾ അയച്ചു കൊടുക്കയും വീഡിയോ ചാറ്റിലൂടെ തൻറെ നഗ്നത കാണിക്കുകയും ചെയ്തു.

ഇതിനിടയിൽ പെൺകുട്ടിയുടെ നഗ്ന ദൃശ്യങ്ങൾ പ്രതി കൈക്കലാക്കി. അടുത്തിടെയായി പെൺകുട്ടി ഫോൺ കൂടുതൽ നേരം ഉപയോഗിക്കുന്നതും പഠനത്തിൽ ശ്രദ്ധിക്കാതെയും വന്നതോടെ രക്ഷകർത്താകൾ കുട്ടിയുടെ ഫോൺ പരിശോധിച്ചു. ഇതോടെയാണ് ഫോണിൽ അശ്ലീല ദൃശ്യങ്ങളും പെൺകുട്ടിയുടെ തന്നെ നഗ്ന ചിത്രങ്ങളും കണ്ടെത്തുന്നതും വിവരം പുറത്തറിയുന്നതും.

# 'സ്വിമ്മിംഗ് പൂൾ വീട്ടിൽ മതി, ഭ്രാന്തന്മാർ സമനില തെറ്റി കാണിക്കുന്ന വേലകൾക്ക് റീച്ച് ഉണ്ടാക്കിക്കൊടുക്കരുത്"

തിരുവനന്തപുരം: യൂട്യൂബർ സഞ്ജു കാറിൽ സ്വിമ്മിംഗ് പൂൾ ഒരുക്കിയ സംഭവത്തിൽ കടുത്ത പ്രതികരണവുമായി ഗതാഗതമന്ത്രി കെ. ബി. ഗണേഷ്കുമാർ. യൂട്യൂബറുടെ മുൻ വീഡിയോകൾ പരിശോധിക്കുമെന്നും വാഹനവുമായി ബന്ധപ്പെട്ട ഇത്തരം വിഡിയോകളുണ്ടെങ്കിൽ കർശന നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

പണമുള്ളവൻ കാറിൽ സ്വിമ്മിംഗ് പൂൾ പണിതല്ല നീന്തേണ്ടത്. വീട്ടിൽ സ്വിമ്മിംഗ് പൂൾ പണിയണം. ഭ്രാന്തന്മാർ സമനില തെറ്റി കാണിക്കുന്ന വേലകൾക്ക് റീച്ച് ഉണ്ടാക്കിക്കൊടുക്കരുത്. മോട്ടോർ വാഹന വകുപ്പിനെ വെല്ലുവിളിക്കേണ്ടെന്നും പഴയ കാലമല്ലെന്നും ഗണേഷ് കുമാർ കൂട്ടിച്ചേർത്തു. യൂട്യൂബർ സഞ്ജു ടാറ്റ സഫാരി കാറിൻറെ നടുവിലെ സീറ്റ് അഴിച്ചുമാറ്റി സ്വിമ്മിംഗ് പൂൾ ഉണ്ടാക്കി യാത്ര ചെയ്തതാണ് വിവാദമായത്. കാർ പിടിച്ചെടുത്ത് രജിസ്ട്രേഷൻ റദ്ദാക്കുകയും മോട്ടോർ വാഹനവകുപ്പ് കേസെടുക്കുകയും ചെയ്തിരുന്നു. സഞ്ജുവിനും സുഹൃത്ത് സൂര്യനാരായണനുമെതിരേ നടപടി സ്വകരിച്ചിരുന്നു. കൂടുതൽ നടപടികൾക്കൊരുങ്ങുകയാണ് മോട്ടോർ വാഹനവകുപ്പ്.

# എംസിഎ (റഗുലർ) പ്രവേശനം : ജൂൺ 17 വരെ അപേക്ഷിക്കാം

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളജുകളിലേക്ക് 202425 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ (MCA Regular) പ്രവേശനത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ 17. അപേക്ഷകർ ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയിരിക്കണം. മാത്തമാറ്റിക്സ് ഒരു വിഷയമായി 10, +2 തലത്തിലോ അഥവാ ബിരുദ തലത്തിലോ പഠിച്ചിട്ടുള്ളത് അഭികാമ്യം. മാത്തമാറ്റിക്സ്/ കമ്പ്യൂട്ടർ പഠിക്കാത്തവർ യൂണിവേഴ്സിറ്റി/ കോളജ് തലത്തിൽ നിർദേശിക്കുന്ന ഒരു ബ്രിഡ്ജ് കോഴ്സിൽ യോഗ്യത നേടേണ്ടതായിവരും. തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തും. പരീക്ഷ തീയതി പിന്നീട് അറിയിക്കും. പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. www.lbscetnre.kerala.gov.in വഴി ഓൺലൈനായി ജൂൺ 16 വരെ അപേക്ഷാ ഫീസ് അടയ്ക്കാം. പൊതുവിഭാഗത്തിന് 1200 രൂപയും പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിന് 600 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ വെബ്സൈറ്റിൽ കൂടി ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേനയോ ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാ ഫീസ് അടയ്ക്കാം. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് : 04712324396, 2560327, 2560363, 2560364.

# പൂന്നാവൂർ റോഡ് ഇടിഞ്ഞു താഴ്ന്ന സംഭവം: നവീകരണ പ്രവർത്തനം ആരംഭിച്ചു

കാട്ടാക്കട: മാറനല്ലൂർ പുന്നാവൂർ റോഡ് മലവിളപ്പാലത്തിന് സമീപം ഇടിഞ്ഞു താഴ്ന്നതിനെ തുടർന്ന് റോഡ് നവീകരണ പ്രവർത്തനം തുടങ്ങി. കരാറുകാരൻ ഇന്നലെ പണി ആരംഭിച്ചു.

ഇടിഞ്ഞു താഴ്ന്ന സ്ഥലത്ത് ഇപ്പോൾ ടാറിളകി കുഴിയായി മാറിയിരിക്കുന്നയിടത്ത് പ്രത്യേക ടാർ മിക്സിംഗ് കൊണ്ടുവന്ന് കുഴികൾ അടച്ചു. മഴകാലത്തിനു ശേഷം റോഡ് പൂർണമായും ടാറിംഗ് നടത്തുമെന്ന് അധ്കൃതർ അറിയിച്ചു.

കഴിഞ്ഞ വർഷമാണ് ഇവിടെ പുതിയ പാലം നിർമിച്ചതും റോഡ് നവീകരിച്ചതും. കഷ്ടിച്ച് ഒരു വാഹനത്തിന് മാത്രം കടന്നുപോകാൻ കഴിഞ്ഞിരുന്ന പാലം പൊളിച്ചു മാറ്റിയ ശേഷം വീതി കൂടിയ പാലം നിർമിക്കുകയാണുണ്ടായത്.

പാലത്തിൻറെ നിർമാണ ജോലികൾ വളരെ വേഗത്തിലാണ് പൂർത്തിയാക്കിയത്. പാലത്തിൻറെ ഉദ്ഘാടനം കഴിഞ്ഞ് രണ്ട് മാസം പിന്നിട്ടപ്പോഴായിരുന്നു കനാലിൻറെ ബണ്ട് തകർച്ചയെ തുടർന്ന് പാലത്തിന് സമീപത്തെ അപ്രോച്ച് റോഡ് തകർന്നത്. കനാലിൻറെ വശത്തുകൂടി പോയിരുന്ന ജലവിതരണ പൈപ്പ് പൊട്ടിയതാണ് ബണ്ട് തകർച്ചയ്ക്ക് കാരണമായത്.

അപകടാവസ്ഥയെ തുടർന്ന് അപ്രോച്ച് റോഡുവഴിയുള്ള ഗതാഗതം തടഞ്ഞിരുന്നു. മാസങ്ങൾ പിന്നിട്ടെങ്കിലും പണി പൂർത്തിയാക്കാൻ കഴിയാതെ വന്നതോടെ നാട്ടുകാർ തന്നെ അടിച്ചിരുന്ന ബാരിക്കേഡുകൾ മാറ്റിയശേഷം ഗതാഗതം പുനസ്ഥാപിക്കുകയാണുണ്ടായത്.

സ്കൂൾ അധ്യയനം ആരംഭിക്കുമ്പോൾ സ്കൂൾ ബസ് ഉൾപ്പടെയുള്ള വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയാതെ വരുന്നത് വലിയ പ്രതിഷേധത്തിനാണ് ഇടയാക്കിയിരുക്കുന്നത്.

ജലസേചന വകുപ്പിനാണ് നിർമാണ ചുമതലയെങ്കിലും നിർമാണത്തിനായി ഭീമമായ തുക കണ്ടെത്താൻ കഴിയാതെ വന്നതാണ് നിർമാണം നടക്കാൻ വൈകുന്നതെന്നും പറയുന്നു.

# ശംഖുമുഖത്ത് കടലിൽ കാണാതായ മത്സ്യത്തൊഴിലാളിയെ രണ്ടാം ദിവസവും കണ്ടെത്താനായില്ല

വലിയതുറ: ശംഖുമുഖത്ത് ശനിയാഴ്ച രാവിലെ ശക്തമായ തിരയിൽപ്പെട്ട് വള്ളം മറിഞ്ഞ് കാണാതായ മത്സ്യത്തൊഴിലാളിയെ രണ്ടാംദിവസവും കണ്ടെത്താനായില്ല. വലിയതുറ പ്രതീക്ഷ ഫ്ളാറ്റിൽ മഹേഷിനെ (32) ആണ് കാണാതായത്.

ഒപ്പമുണ്ടായിരുന്ന വിൽസൺ (53) അത്ഭുതകരമായി നീന്തി രക്ഷപ്പെട്ടിരുന്നു. ശനിയാഴ്ച രാവിലെ 8.30 ഓടെ ശംഖുമുഖം തീരത്തു നിന്നും ഏകദേശം നൂറ് മീറ്റർ മാറി മഹേഷും വിൽസണും സഞ്ചരിച്ച എഞ്ചിൻ കടിപ്പിച്ച ഫൈബർ വള്ളം ശക്തമായി തിരയിൽ തലകീഴായി മറിയുകയാണുണ്ടായത്. മത്സ്യബന്ധനത്തിനു പോകാനായി വള്ളം വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തേക്കു കൊണ്ടു പോകവേയായിരുന്നു ഇരുവരും അപകടത്തിൽപ്പെട്ടത്.

സംഭവം നടന്നയുടൻ തന്നെ വിഴിഞ്ഞം കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെൻറും മത്സ്യത്തൊഴിലാളികളും ചേർന്ന് വൈകുന്നേരം വരെ തെരഞ്ഞെങ്കിലും മഹേഷിനെ കണ്ടെത്താനായില്ല.

കടൽ പ്രക്ഷുബ്ധമായതിനെ തുടർന്ന് ശനിയാഴ്ച വൈകുന്നേരം തെരച്ചിൽ നിറുത്തുകയായിരുന്നു. ഇന്നലെ രാവിലെ 7.30 ഓടുകൂടി വിഴിഞ്ഞം കോസ്റ്റൽ പോലീസിൻറെയും മറൈൻ എൻഫോഴ്സ്മെൻറിൻറെയും നേതൃത്വത്തിൽ സംയുക്തമായി വലിയതുറ, പൂന്തുറ, ശംഖുമുഖം ഭാഗങ്ങളിലും ഉൾക്കടലിലും ഉച്ചവരെ തെരച്ചിൽ നടത്തിയെങ്കിലും ശ്രമം വിഫലമായതിനെ തുടർന്ന് ഉച്ചയോടുകൂടി തിരച്ചിൽ നിർത്തുകയായിരുന്നു.

ശക്തമായ കാറ്റും തിരയും കാരണം തെരച്ചിൽ ദുഷ്ക്കരമായതോടു കൂടിയാണ് ഉച്ചയോടുകൂടി പ്രവർത്തനം നിർത്തേണ്ടി വന്നത്.

# ജയ്ഗിരിയിൽ കനാലിൻറെ സംരക്ഷണഭിത്തി ഇടിഞ്ഞു

കുറവിലങ്ങാട്: കനത്ത മഴയിൽ കനാലിൻറെ സംരക്ഷണഭിത്തി തകർന്നു. സംരക്ഷണഭിത്തി തകർന്നുവീണതിനെത്തുടർന്ന് സമീപത്തുള്ള ശുദ്ധജലപദ്ധതിക്കു കനത്ത നാശം. മൂന്നൂറോളം കുടുംബങ്ങൾ ആശ്രയിക്കുന്ന ശുദ്ധജലപദ്ധതിയിലെ ജലവിതരണവും നിലച്ചു. എംവിപഐപി കനാലിൻറെ ജയ്ഗിരി ഭാഗത്താണ് കനാൽ സംരക്ഷണഭിത്തി തകർന്നത്. ഇതോടെ വിളയംകോട് സബ് കനാൽ അപകടഭീഷണി നേരിടുന്നതായി ആശങ്കയും ഉയർന്നു.

കഴിഞ്ഞദിവസത്തെ മഴയെത്തുടർന്ന് വെള്ളം കുത്തിയൊഴുകിയതിനെത്തുടർന്നാണ് നൂറു മീറ്ററോളം ഭാഗത്ത് കനാലിൻറെ സംരക്ഷണഭിത്തി തകർന്നത്. ഇതേത്തുടർന്നു സബ് കനാലിൻറെ അടിത്തറ പൂർണമായും ഒഴുകിപ്പോവുകയും ചെയ്തു.

കനാലിൻറെ സംരക്ഷണഭിത്തി തകർന്നതോടെ സമീപത്തുള്ള ശുദ്ധജലപദ്ധതിക്കും തകർച്ച നേരിട്ടു. ജയ്ഗിരി ശുദ്ധജലവിതരണ സൊസൈറ്റിയുടെ പമ്പിംഗ് സ്റ്റേഷൻറെയും കുളത്തിൻറെയും മുകളിലേക്കാണ് സംരക്ഷണഭിത്തി തകർന്നുവീണത്.

പ്രധാന പമ്പിംഗ് ലൈനുകൾ മീറ്ററോളം തകർന്ന നിലയിലാണ്. ജലവിതരണപൈപ്പുകൾ തകർന്നതോടെ ജലവിതരണം നിർത്തിവച്ചിരിക്കുകയാണ്. ശുദ്ധജലപദ്ധതിക്ക് വലിയ സാമ്പത്തിക നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്.

സബ്കനാലിന് ഇനിയും തകർച്ച നേരിട്ടാൽ സമീപത്തുള്ള വീടുകൾക്ക് കോടുപാടുണ്ടാകുമോ എന്ന ആശങ്കയും ഉയരുന്നുണ്ട്. എംവിഐപി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് സാഹചര്യം വിലയിരുത്തിയിട്ടുണ്ട്.

അടിയന്തര ഇടപെടൽ നടത്തി അപകടഭീഷണി ഒഴിവാക്കാനും ശുദ്ധജലവിതരണത്തിനുള്ള സൗകര്യം ഉറപ്പാക്കാനും നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്തംഗം വിനു കുര്യൻ ആവശ്യപ്പെട്ടു.

# 'മാവിൻമൂട് പെരുമ്പുഴ റോഡിലെ വെള്ളക്കെട്ടിന് പരിഹാരമുണ്ടാക്കണം'

പരവൂർ: മാവിൻമൂട് പെരുമ്പുഴ റോഡിലെ വെള്ളക്കെട്ടിന് പരിഹാരം ഉണ്ടാക്കണമെന്ന് പ്രദേശവാസികൾ.

മഴ ശക്തമായാൽ റോഡ് പുഴയായി മാറുന്ന സ്ഥിതിയാണ് കാലാകാലങ്ങളായിട്ടുള്ളത്. ഇതിനു ശാശ്വത പരിഹാരം കാണുന്നതിനായി പതിമൂന്ന് വർഷം മുമ്പ് ഫിഷറീസ് വകുപ്പിൻറെ ഫണ്ട് ഉപയോഗിച്ച് തുറമുഖ എൻജിനിയറിംഗ് വിഭാഗം ഇൻറർ ലോക്ക് കട്ട നിരത്തുകയും റോഡിനു നടുവിലായി പത്തടി താഴ്ചയിൽ കുഴികൾ എടുത്ത് പാറക്കല്ല് അടുക്കി മഴവെള്ളം താഴ്ന്നു പോകുന്നതിന് സൗകര്യം ഒരുക്കിയിരുന്നു. അതോടേ വെള്ളക്കെട്ട് ഒഴിവായിരുന്നു.

എന്നാൽ അതിപ്പോൾ വെള്ളത്തോടൊപ്പം ഊർന്ന് ഇറങ്ങിയ മണ്ണും ചെളിയും മാലിന്യങ്ങളും അടിഞ്ഞുകൂടി ഒഴുക്ക് തടസപ്പെട്ടു. ഇതാണ് വെള്ളക്കെട്ട് രൂക്ഷമാകാൻ കാരണം.

ഇതെല്ലാം ചൂണ്ടിക്കാട്ടി പ്രദേശവാസികളും പെരുമ്പുഴ ഫ്രണ്ട്സ് ക്ലബ് ഭാരവാഹികളും ജി. എസ്. ജയലാൽ എം എൽ എയെ നേരിൽ കണ്ട് തങ്ങളുടെ ദുരവസ്ഥ ബോധിപ്പിക്കുകയും പരിഹാരം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

വെള്ളക്കെട്ട് ഒഴിവാക്കാൻ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും അതിനാൽ നിലവിലുള്ള കുഴികളിലെ മാലിന്യം നീക്കം ചെയ്തും കുഴികളിലെ പാറകളും ഇൻറർലോക്കും ഇളക്കി പുന: ക്രമീകരിച്ചും ഒഴുക്ക് സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് എം എൽ എ അറിയിച്ചതായി പ്രദേശവാസികൾ പറഞ്ഞു.

## പലസ്തീൻ അനുകൂല പ്രതിഷേധം

# ബിരുദദാന ചടങ്ങ് ബഹിഷ്കരിച്ച് ചിക്കാഗോ സർവകലാശാല വിദ്യാർത്ഥികൾ

വാഷിങ്ടൺ: ചിക്കാഗോ സർവകലാശാലയിൽ ബിരുദദാന ചടങ്ങ് ബഹിഷ്കരിച്ച് വിദ്യാർത്ഥികൾ. ഇസ്രയേൽ ഗാസയിൽ നടത്തുന്ന അധിനിവേശത്തിൽ പ്രതിഷേധിച്ച വിദ്യാർത്ഥികളുടെ ബിരുദം തടഞ്ഞുവച്ചതിനെത്തുടർന്നാണ് ബഹിഷ്കരണം. . ചടങ്ങിൽ നിന്നും ഇറങ്ങിവന്ന വിദ്യാർത്ഥികൾ പലസ്തീൻ പതാകകളുമായി തെരുവിൽ ഒത്തുകൂടി. കഴിഞ്ഞ ദിവസമാണ് യൂനിവേഴ്സിറ്റിയിലെ നാല് വിദ്യാർത്ഥിൾക്ക് ബിരുദം തടഞ്ഞുവെച്ചിരിക്കുകയാണെന്ന അറിയിപ്പ് ലഭിച്ചത്. അച്ചടക്ക നടപടിയുടെ ഭാഗമായിട്ടായിരുന്നു സർവകലാശാലയുടെ നടപടി.

അതേസമയം, പലസ്തീന് പിന്തുണയറിയിച്ച് മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വിദ്യാർത്ഥികളും ബിരുദ ദാന ചടങ്ങിൽ നിന്ന് വിട്ടുനിന്നു. പലസ്തീൻ അനുകൂല മുദ്രവാക്യം വിളിച്ച് ഇറങ്ങിവന്ന വിദ്യാർത്ഥികൾ മസാച്ചുസെറ്റ്സ് അവന്യൂവിൽ റോഡ് ഉപരോധിച്ച് പ്രതിഷേധം നടത്തി. പ്രതിഷേധത്തെ തുടർന്ന് 15 മിനിറ്റോളം ബിരുദദാന ചടങ്ങ് തടസപ്പെട്ടു. കഫീയ്യ ധരിച്ചാണ് പല വിദ്യാർത്ഥികളും ചടങ്ങിനെത്തിയത്.

ഇസ്രയേൽ പ്രതിരോധമന്ത്രാലയവുമായി ചേർന്ന് സർവകലാശാല ഗവേഷണം നടത്തുന്നുണ്ടെന്നും ഇത് അംഗീകരിക്കാനാവില്ലെന്നും വിദ്യാർത്ഥികൾ പറയുന്നു. ഗാസയിൽ ബിരുദദാരികളില്ല. ഒരു സർവകലാശാലയും അവിടെ അവശേഷിക്കുന്നില്ല. എല്ലാം ഇസ്രയേൽ ബോംബിട്ട് തകർത്തുവെന്നും പ്രതിഷേധക്കാർ കൂട്ടിച്ചേർത്തു. നേരത്തെയും സർവകലാശാലയിൽ പലസ്തീൻ അനുകൂല പ്രതിഷേധം നടന്നിരുന്നു.

# പത്മകുമാറിൻറെ ദുരൂഹ മരണം: ക്രൈംബ്രാഞ്ച് അന്വേഷിക്കണം ആക്ഷൻ കൗൺസിൽ

കൊട്ടാരക്കര: മൂന്നാറിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നെടുമൺകാവ് പന്തപ്ലാവിൽ പത്മകുമാറിനെ സംബന്ധിച്ച കേസന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുക്കണമെന്ന് ബന്ധുക്കളും ആക്ഷൻ കൗൺസിലും പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. ഈ ആവശ്യമുന്നയിച്ച് മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

മൂന്നാറിലെ ഒരു റിസോർട്ടിൽ ചീഫ് സെക്യൂരിറ്റി ഓഫീസറായിരുന്നു പത്മകുമാർ. കഴിഞ്ഞ മാർച്ച് 18 ന് സംശയാസ്പദമായ സാഹചര്യത്തിൽ ജോലി സ്ഥലത്ത് മരിച്ച നിലയിൽ കാണപ്പെടുകയായിരുന്നു. വിഷം കലർന്ന കഫ് സിറപ്പ് ഉള്ളിൽ ചെന്ന നിലയിൽ ആശുപത്രിയിലായിരുന്നു അന്ത്യം.

പത്മകുമാറിനെ ആശുപത്രിയിലെത്തിക്കുന്നതിൽ കാലതാമസമുണ്ടായതായി ആക്ഷൻ കൗൺസിൽ ആരോപിക്കുന്നു. മരണ വിവരം യഥാസമയം ബന്ധുക്കള അറിയിക്കുന്നതിലും വിഴ്ചയുണ്ടായി. ആത്മഹത്യയാണെന്ന് പോലീസിനെ തെറ്റിദ്ധരിപ്പിച്ച് എഫ് ഐ ആർ തയാറാക്കിക്കുകയും പോസ്റ്റ് മോർട്ടം റിപ്പോർട്ട് വൈകിപ്പിക്കുകയും ചെയ്തതായും ആക്ഷൻ കൗൺസിൽ ആരോപിക്കുന്നു. നിരീക്ഷണ കാമറകൾ എഡിറ്റ് ചെയ്ത നിലയിലായിരുന്നെന്നും ഇവർ പറയുന്നു.

പത്മകുമാറിന് ആത്മഹത്യ ചെയ്യേണ്ടുന്ന ഒരു സാഹചര്യവും നിലവിലുണ്ടായിരുന്നില്ലെന്ന് ബന്ധുക്കൾ പറഞ്ഞു. മൂന്നാറിൽ ചില ഭീഷണികളുള്ളതായി നാട്ടിലെ ചില സുഹൃത്തുക്കളോട് പത്മകുമാർ പറഞ്ഞിരുന്നു. കേസ് ഒത്തു തീർക്കാൻ വിവിധ വാഗ്ദാനങ്ങളുമായി ചിലർ സമീപിച്ചതായും ആക്ഷൻ കൗൺസിൽ വെളിപ്പെടുത്തി. ആക്ഷൻ കൗൺസിൽ ഭാരവാഹി അഡ്വ. വി കെ സന്തോഷ് കുമാറാണ് കാര്യങ്ങൾ വിശദീകരിച്ചത്.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

തെക്കൻ കേരള തീരത്തും, ലക്ഷ്യദ്വീപ് പ്രദേശത്തും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളും അതിലൂടെ പൊടിക്കുന്ന കോടികളും 2

ഒന്നാം പേജ് തുടർച്ച

മ്മീഷൻ (ഇലക്ഷൻ കമ്മീഷണർമാരുടെ സേവന വ്യവസ്ഥകളും ബിസിനസ്സ് ഇടപാടുകളും) ആക്ട് അനുസരിച്ച്, ചീഫ് ഇലക്ഷൻ കമ്മീഷണർ അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പ് കമ്മീഷണർ തന്റെ ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ ആറ് വർഷത്തേക്ക് ഓഫീസിൽ തുടരും

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാതൃകാ പെരുമാറ്റച്ചട്ടം

ഇന്ത്യയിലെ ജനാധിപത്യ നയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന് കൃത്യമായ ഇടവേളകളിലെ തിരഞ്ഞെടുപ്പുകളാണ്. രാജ്യത്ത് തിരഞ്ഞെടുപ്പിന്റെ കാവൽക്കാരായാണ് തിരഞ്ഞെടുപ്പ് കമ്മീഷനെ കണക്കാക്കുന്നത്. എല്ലാ തിരഞ്ഞെടുപ്പുകളിലും, രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും സ്വതന്ത്രവും നീതിയുക്തവുമായ രീതിയിൽ തിരഞ്ഞെടുപ്പ് നടത്താൻ ഇത് ഒരു മാതൃകാ പെരുമാറ്റച്ചട്ടം പുറപ്പെടുവിക്കുന്നു.

അഞ്ചാം ലോക്സഭാ തിരഞ്ഞെടുപ്പിനായി 1971ൽ ആദ്യമായി പെരുമാറ്റച്ചട്ടം കമ്മീഷൻ പുറപ്പെടുവിക്കുകയും കാലാകാലങ്ങളിൽ അത് പരിഷ്കരിക്കുകയും ചെയ്തു.

തിരഞ്ഞെടുപ്പ് കാലത്ത് വർദ്ധിച്ചുവരുന്ന പണത്തിന്റെ സ്വാധീനം തടയാൻ, തിരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യത്തിൽ നിരവധി നിർദ്ദേശങ്ങളും മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. കമ്മീഷൻ ആദായനികുതി വകുപ്പിലെ കണ്ട ഉദ്യോഗസ്ഥരെ എല്ലാ തെരഞ്ഞെടുപ്പുകളുടെയും തിരഞ്ഞെടുപ്പ് നിരീക്ഷകരായി (ചെലവ്) നിയമിക്കുകയും തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ഒരു സ്ഥാനാർത്ഥിക്ക് ചെലവഴിക്കാവുന്ന പണത്തിന് നിയമപരമായ പരിധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിധികൾ കാലക്രമേണ പരിഷ്കരിക്കപ്പെട്ടു. ഇന്ത്യൻ റവന്യൂ സർവീസിൽ നിന്ന് ചെലവ് നിരീക്ഷകരെ നിയമിക്കുന്നതിലൂടെ തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരഞ്ഞെടുപ്പ് ചെലവുകളുടെ വ്യക്തിഗത അക്കൗണ്ടിൽ നിരീക്ഷിക്കുന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന സമയത്ത് സ്ഥാനാർത്ഥിയുടെ സ്വത്തുക്കളുടെ വിശദാംശങ്ങൾ കമ്മീഷൻ സത്യവാങ്മൂലത്തിൽ എടുക്കുന്നു, ഫലപ്രഖ്യാപനം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ അവർ അവരുടെ ചെലവുകളുടെ വിശദാംശങ്ങൾ നൽകേണ്ടതുണ്ട്.

തിരഞ്ഞെടുപ്പ് തട്ടിപ്പ് തടയാനുള്ള ശ്രമത്തിൽ, 1993 ൽ, E-P-I-C-IA അല്ലെങ്കിൽ ഇലക്ടേഴ്സ് ഫോട്ടോ ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു, അത് 2004 ലെ തിരഞ്ഞെടുപ്പോടെ നിർബന്ധിതമായി. എന്നിരുന്നാലും, ചില പ്രത്യേക സാഹചര്യങ്ങളിൽ തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട്.

E-C-I 360 മൊബൈൽ ആപ്ലിക്കേഷൻ പൊതുജനങ്ങൾക്കായി വികസിപ്പിച്ചതാണ് അതിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ഒപ്പിട്ടതും സത്യപ്രതിജ്ഞ ചെയ്തതുമായ സത്യവാങ്മൂലങ്ങൾ, നിരസിച്ച സ്ഥാനാർത്ഥികളുടെ പട്ടിക, സ്ഥാനാർത്ഥികളുടെ അന്തിമ പേരുകൾ എന്നിവ ഉൾപ്പെടുന്നു .

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളോ ഇവിഎമ്മുകളോ ഉപയോഗിച്ചാണ് ഇന്ത്യയിൽ വോട്ടിംഗ് നടക്കുന്നത്,

## ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം

ഇത്രയും വലിയ തോതിൽ ഇലക്ട്രോണിക് വോട്ടിംഗ് സ്വീകരിച്ച ആദ്യ രാജ്യമാണ് ഇന്ത്യ. ക്രമക്കേടുകൾ കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ (ഇവിഎം) തിരഞ്ഞെടുപ്പ് കമ്മീഷൻ അവതരിപ്പിച്ചത്. 1982 ലെ കേരള സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ അവരെ ആദ്യമായി പരീക്ഷിച്ചു. വിജയകരമായ പരിശോധനകൾക്കും നിയമപരമായ അന്വേഷണങ്ങൾക്കും ശേഷം ഈ വോട്ടിംഗ് മെഷീനുകളുടെ ഉപയോഗം ആരംഭിക്കാൻ കമ്മീഷൻ തീരുമാനിച്ചു.

# ജൂൺ5 ലോക പരിസ്ഥിതിദിനാഘോഷം : മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും

വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇക്കൊല്ലത്തെ ലോക പരസ്ഥിതി ദിനാഘോഷ പരിപാടികൾ വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. വഴുതക്കാട് വനംവകുപ്പ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ വനം മേധാവിയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ ഗംഗാസിംങ് അധ്യക്ഷത വഹിക്കും.ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡി. ജയപ്രസാദ് ആമുഖ പ്രഭാഷണവും ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ അരണ്യം പരിസ്ഥിതിദിന പ്രത്യേക പതിപ്പിന്റെ പ്രകാശനവും നിർവഹിക്കും.

പി. സി. സി. എഫ്. ഡോ. അമിത് മല്ലിക് പരിസ്ഥിതിദിന സന്ദേശം നൽകും. എ. പി. സി. സി. എഫുമാരായ ഡോ. പി. പുകഴേന്തി, ഡോ. എൽ ചന്ദ്രശേഖർ, പ്രമോദ് ജി കൃഷ്ണൻ, ജസ്റ്റിൻ മോഹൻ തുടങ്ങിയവർ സംസാരിക്കും. സോഷ്യൽ ഫോറസ്ട്രി സി. സി. എഫ്. ഡോ. സഞ്ജയൻ കുമാർ സ്വാഗതവും ഫോറസ്റ്റ് കൺസർവേറ്റർ ശ്യാം മോഹൻലാൽ നന്ദിയും പറയും.

# ആദ്യഫല സൂചന രാവിലെ ഒമ്പതിന് ലഭിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ

തിരുവനന്തപുരം: ലോക്സഭ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ എല്ലാം പൂർണമെന്ന് സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. ആദ്യ ഫല സൂചന രാവിലെ ഒമ്പതിന് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരത്തെ വോട്ടെണ്ണൽ കേന്ദ്രം സന്ദർശിച്ച് ഒരുക്കങ്ങൾ വിലയിരുത്തിയശേഷമായിരുന്നു അദ്ദേഹത്തിൻറെ പ്രതികരണം. തിരുവനന്തപുരം മാർഇവാനിയോസ് കോളജിലെ വോട്ടെണ്ണൽ കേന്ദ്രമാണ് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സന്ദർശിച്ചത്.

രാവിലെ എട്ട് മുതൽ പോസ്റ്റൽ വോട്ടുകൾ എണ്ണി തുടങ്ങും. തുടർന്ന് രാവിലെ എട്ടരയോടെ ഇവിഎം വോട്ടുകളും എണ്ണും. ഇവിഎം വോട്ടുകൾ എണ്ണി തുടങ്ങുന്നതിനൊപ്പം പോസ്റ്റൽ ബാലറ്റും എണ്ണും. ഒരുക്കങ്ങളെല്ലാം പൂർണമാണ്.

ജില്ലാ കളക്ടർമാരുമായി അവലോകന യോഗം ചേർന്ന് ഒരുക്കം വിലയിരുത്തിയിട്ടുണ്ട്. എല്ലാം സുതാര്യമായി തന്നെ നടക്കുമെന്നും സഞ്ജയ് കൗൾ കൂട്ടിച്ചേർത്തു.

# മാസപ്പടി കേസിൽ വിജിലൻസ് കോടതി വിധി പുനഃപരിശോധിക്കണം; കുഴൽനാടൻ ഹൈക്കോടതിയിൽ

കൊച്ചി: മാസപ്പടി കേസിൽ വിജിലൻസ് കോടതി വിധിക്കെതിരേ ഹൈക്കോടതിയെ സമീപിച്ച് മാത്യു കുഴൽനാടൻ എംഎൽഎ. മുഖ്യമന്ത്രിക്കും മകൾ വീണാ വിജയനുമെതിരേ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഹർജി വിജിലൻസ് കോടതി തള്ളിയിരുന്നു. ഈ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കുഴൽനാടൻ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.

ഹർജിയിൽ തെളിവുകളില്ലെന്നും ആരോപണങ്ങൾ മാത്രമാണ് ഉള്ളതെന്നും ചൂണ്ടിക്കാട്ടിയാണ് വിജിലൻസ് കോടതി കുഴൽനാടൻറെ ഹർജി തള്ളിയത്. ആരോപണങ്ങൾക്ക് പ്രഥമദൃഷ്ട്യാ തെളിവില്ലെന്നും ഹർജി അഴിമതി നിരോധന നിയമത്തിൻറെ പരിധിയിൽ വരില്ലെന്നും വിധിന്യായത്തിൽ പറഞ്ഞിരുന്നു. കുഴൽനാടൻറെ ഹർജി രാഷ്ട്രീയ പ്രേരിതമായ ആരോപണമെന്ന വാദം ശക്തിപ്പെടുത്തുന്നതാണെന്നും കോടതി വിമർശിച്ചിരുന്നു.

വിജിലൻസ് കോടതിയുടെ ഈ നിരീക്ഷണം പുനഃപരിശോധിക്കുന്നതിന് നിർദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. ഹർജി ഹൈക്കോടതി തിങ്കളാഴ്ച പരിഗണിക്കും.

# ലോക്സഭ തെരഞ്ഞെടുപ്പ് ഫലം, മുൾമുനയിൽ മുന്നണികൾ

കാസർഗോഡ്: 38 നാൾ നീണ്ട കാത്തിരിപ്പിനൊടുവിൽ ലോക്സഭ തെരഞ്ഞെടുപ്പ് ഫലത്തിൻറെ സസ്പെൻസിന് വിരാമമാകുമ്പോൾ പ്രതീക്ഷകളും ആശങ്കകളുമായി മുന്നണികൾ. കോൺഗ്രസിന് ഒരു എംഎൽഎ പോലുമില്ലാത്ത ഏഴു നിയമസഭ മണ്ഡലങ്ങൾ ഉൾപ്പെട്ട ഒരു പാർലമെൻറ് മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർഥി 40, 000ത്തിലേറെ വോട്ടിൻറെ ഭൂരിപക്ഷത്തിൽ വിജയിക്കുക എന്ന അത്ഭുതത്തിനാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് സാക്ഷ്യം വഹിച്ചത്. ആ ചരിത്രം ആവർത്തിക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്തമാണ് യുഡിഎഫ് സ്ഥാനാർഥി രാജ്മോഹൻ ഉണ്ണിത്താനുള്ളത്. ഒരു പ്രതികൂല തരംഗത്തിനും ഇളക്കാൻ കഴിയാത്ത ചെങ്കോട്ടയെന്ന് കരുതപ്പെട്ടിരുന്ന മണ്ഡലത്തിലെ കനത്ത തോൽവിയുടെ ക്ഷീണം മാറണമെങ്കിൽ എൽഡിഎഫിന് ഇത്തവണ വമ്പൻ വിജയം കൂടിയേ തീരൂ.

സിപിഎമ്മിൻറെ മുതിർന്ന നേതാവ് എം. വി. ബാലകൃഷ്ണൻ ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കുമെന്ന ഉറച്ച വിശ്വാസത്തിലാണ് ഇടതുമുഗ്രസ് നേതൃത്വത്തിന് കഉറ്റുനോക്കുന്ന മണ്ഡലമാണ് കണ്ണൂർ. സിറ്റിംഗ് എംപിയും കെപിസിസി പ്രസിഡൻറുമായ കെ. സുധാകരനും സിപിഎം ജില്ലാ സെക്രട്ടറി എം. വി. ജയരാജനും തമ്മിലുള്ള കണ്ണൂരിലെ പോരാട്ടം ഇരുവർക്കും നിർണായകമാണ്. സീറ്റ് നിലനിർത്തുമെന്നു യുഡിഎഫും പിടിച്ചെടുക്കുമെന്ന് എൽഡിഎഫും ആത്മവിശ്വാസത്തിൽ പറയുന്പോഴും കണ്ണൂരിൻറെ രാഷ്ട്രീയക്കാറ്റ് ആർക്കൊപ്പമെന്ന് പ്രവചിക്കാനാകാത്തതാണ്. കഴിഞ്ഞ തവണത്തെ ഭൂരിപക്ഷം മറികടന്നില്ലെങ്കിലും അതിനടുത്ത് വരുമെന്ന് യുഡിഎഫ് വിലയിരുത്തുന്പോൾ വൻ ഭൂരിപക്ഷത്തിൽ വിജയിക്കുമെന്നാണ് എൽഡിഎഫ് അവകാശപ്പെടുന്നത്.

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ജില്ലയിൽ പോളിംഗ് ശതമാനം കുറഞ്ഞത് മുന്നണികളെ ആശങ്കയിലാക്കുന്നുണ്ട്.

# ഫുൾ ടൈം മീനിയൽ ഒഴിവ്

കരിക്കകം ഗവ. ഹൈസ്കൂളിൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ (എഫ്.ടി.എം) ഒരു താത്കാലിക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂൺ 5ന് രാവിലെ 10ന് അഭിമുഖത്തിനായി സ്കൂൾ ഓഫീസിൽ ഹാജരാകണം.

# വാഹനത്തിലെ ഓരോ രൂപമാറ്റത്തിനും 5000 രൂപ വീതം പിഴഹൈക്കോടതി

വാഹനങ്ങളിൽ വരുത്തുന്ന ഓരോ രൂപമാറ്റത്തിനും 5000 രൂപ വീതം പിഴ ഈടാക്കാനാണ് ഹൈക്കോടതി വാഹന പരിശോധന ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിരിക്കുന്നത്. രൂപമാറ്റം വരുത്തിയതിന് പിടിച്ചെടുക്കുന്ന വാഹനങ്ങളും നിയമലംഘനത്തിന്റെ ദൃശ്യങ്ങളും മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കണമെന്നും കോടതി നിർദേശിച്ചിട്ടുണ്ട്. ഇത്തരം വാഹനങ്ങളുടെ കസ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ മജിസ്ട്രേറ്റ് കോടതി ആയിരിക്കും തീരുമാനിക്കുന്നത്.

അനധികൃതമായി രൂപമാറ്റം വരുത്തിയതിന് പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യണമെന്നാണ് കോടതി നിർദേശത്തിൽ പറയുന്നത്. ഇത്തരം വാഹനം ഉപയോഗിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് മൂന്ന് മാസത്തേക്ക് സസ്പെൻഡ് ചെയ്യുന്നതിനും ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

# തിരുവനന്തപുരത്ത് വ്യത്യസ്ത അപകടങ്ങളിൽ രണ്ട് യുവാക്കൾക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: തിരുവല്ലം പാച്ചല്ലൂർ റോഡിലും കോവളം ബൈപ്പാസ് ജങ്ഷനിലും തിങ്കളാഴ്ച പുലർച്ചെയും വൈകീട്ടുമുണ്ടായ അപകടങ്ങളിൽ രണ്ട് യുവാക്കൾ മരിച്ചു. പാച്ചല്ലൂർ റോഡിൽ പാറവിളയ്ക്ക് സമീപം ബൈക്ക് നിയന്ത്രണം വിട്ട് മതിലിലിടിച്ചുണ്ടായ അപകടത്തിൽ കോവളം തൊഴിച്ചൽ വയലിൽ പുത്തൻവിളയിൽ മുത്തുകുമാറിന്റെയും ഷീലയുടെയും മകനായ വിഗ്നേഷ് കുമാർ (27) ആണ് മരിച്ചത്. കോവളം ബൈപ്പാസിൽ ജങ്ഷനിൽ സിഗ്നൽ തെറ്റിച്ച് കയറിയ കാർ ബൈപ്പാസിലേക്ക് കയറി ബൈക്കിലിടിച്ചുണ്ടായ അപകടത്തിൽ വെള്ളായണി കാക്കാമൂല സി.എസ്.ഐ. പള്ളിക്ക് സമീപം വിനോദിന്റെയും സൗമ്യയുടെയും മകനായ ശ്രീക്കുട്ടൻ എന്ന വി.എസ്. വിപിൻ (21) ആണ് മരിച്ച രണ്ടാമത്തെ വ്യക്തി. ഒപ്പമുണ്ടായിരുന്ന സുഹൃത്തും 16 കാരനുമായ കാക്കാമൂല പുന്നവിള സ്വദേശി സൂരജിന് തലയ്ക്കും കാലിനും ഗുരുതര പരിക്കേറ്റു. ഇവർ ഓടിച്ചിരുന്ന ബൈക്കിന്റെയും ഇടിച്ച കാറിന്റെയും മുൻവശം അപകടത്തിൽ തകർന്നു.

പാച്ചല്ലൂർ വാഴമുട്ടം റോഡിൽ പാറവിള മുസ്ലിം പളളിക്ക് സമീപത്തെ റോഡിൽ തിങ്കളാഴ്ച പുലർച്ചെയോടെയുണ്ടായ അപകടത്തിലാണ് വിഗ്നേഷ് മരിച്ചത്. റോഡിന്റെ ഇടതുവശം ചേർന്ന് ബൈക്ക് തലകീഴായി മറിഞ്ഞ നിലയിലായിരുന്നു. ബൈക്കിന് തൊട്ടകലെ മറിഞ്ഞു വീണിരുന്ന വിഗ്നേഷിനെ ആരും കണ്ടിരുന്നില്ല. രാവിലെ അതുവഴി നടന്നുപോയ വഴിയാത്രക്കാരാണ് അപകടത്തിൽപ്പെട്ട് കിടക്കുന്ന വിഗ്നേഷിനെ കാണുന്നത് തുടർന്ന് കോവളം പോലീസിൽ വിവരമറിയിച്ചു. പോലീസെത്തി ആളെ മെഡിക്കൽകോളേജ് ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചതായി ഡോക്ടർ അറിയിച്ചു. പോസ്റ്റുമോർട്ടത്തിനു ശേഷം മൃതദേഹം സ്വകാര്യ ആശുപത്രിയിലെ മോർച്ചറിയിലേക്ക് മാറ്റി. കൊച്ചിയിലെ സ്വകാര്യ ട്രാവൽ ഏജൻസിയിലെ ഡ്രൈവറായിരുന്നു. ഏക സഹോദരൻ വിബിൻകുമാർ. സംസ്കാരം ചൊവ്വാഴ്ച രാവിലെ 10ന് വീട്ടുവളപ്പിൽ നടക്കും.

വാഴമുട്ടം കോവളം ബൈപ്പാസ് റോഡിൽ സിഗ്നൽ മറികടന്നുകയറിയ കാർ ബൈക്കിൽ ഇടിച്ചുണ്ടായ അപകടത്തിലാണ് ബൈക്ക് യാത്രികരിലൊരാളായ വിപിൻ മരിച്ചത്. തിങ്കളാഴ്ച വൈകീട്ട് 4.30ഓടെ ബൈപ്പാസിലെ കോവളം ജങ്ഷനിലാണ് അപകടം. കോവളം കെ.എസ്. റോഡിൽനിന്ന് ബൈപ്പാസിലേക്ക് കയറുന്നതിന് എത്തിയ ബൈക്കിനെ വാഴമുട്ടംഭാഗത്തുനിന്ന് മുക്കോലയിലേക്ക് പോയ കാർ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ബൈക്കോടെ റോഡിലേക്ക് തെറിച്ച് വീണ വിപിന് തലയ്ക്കും സൂരജിന് വലതുകാൽ ഒടിഞ്ഞുമാണ് പരിക്കേറ്റത്. വിഴിഞ്ഞം ആശുപത്രിയിലെത്തിച്ചെങ്കിലും വിപിനെ രക്ഷിക്കാനായില്ല.

കാക്കാമൂലയിലെ ബ്രദേഴ്സ് വള്ളംകളി ക്ലബ്ബിലെ തുഴച്ചിൽക്കാരനായിരുന്നു മരിച്ച വിപിൻ. സൂരജിന് അടിയന്തര ചികിത്സ നൽകിയ ശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചു. ഉണ്ണി എന്ന നവീനാണ് മരിച്ച വിപിന്റെ സഹോദരൻ.

# എഐ ക്യാമറയ്ക്ക് ഒരുവയസ്സ് ചെലവായത് 230 കോടി, ഇതുവരെ ഖജനാവിലെത്തിയത് 71.18 കോടി

ഗതാഗതനിയമലംഘനങ്ങൾ കണ്ടെത്താൻ സ്ഥാപിച്ച എ.ഐ. ക്യാമറകൾക്ക് ഒരുവയസ്സ്. ഇതുവരെ പിഴയായി ഖജനാവിലെത്തിയത് 71.18 കോടിരൂപമാത്രം. 59.58 ലക്ഷം കേസുകളിലായി 390 കോടിരൂപ പിഴയിട്ടെങ്കിലും അഞ്ചിലൊന്നുപോലും സർക്കാരിന് കിട്ടിയിട്ടില്ലെന്ന് ചുരുക്കം. 25 ലക്ഷം കേസുകളാണ് പ്രതീക്ഷിച്ചത്.

പിഴ നോട്ടീസ് വിതരണം നിർത്തിയതാണ് വരുമാനത്തെ ബാധിച്ചത്. പിടിക്കപ്പെട്ടതിൽ 25 ലക്ഷംപേർക്കുമാത്രമാണ് നോട്ടീസ് നൽകിയത്. കരാർ കാലാവധി കഴിഞ്ഞതോടെ നോട്ടീസ് അയക്കുന്നത് കെൽട്രോൺ നിർത്തി. നോട്ടീസ് നൽകുമ്പോൾ പിഴയുടെ 25 ശതമാനം അടയ്ക്കപ്പെടുന്നുണ്ട്.

എസ്.എം.എസ്. മാത്രമാകുമ്പോൾ എട്ടുശതമാനമായി പിഴയടയ്ക്കുന്നത് കുറയും. 25 ലക്ഷംപേർക്കുകൂടി നോട്ടീസ് അയച്ചാൽ കുറഞ്ഞത് 70 കോടി രൂപ കൂടി ഖജനാവിലെത്തുമെന്നാണ് നിഗമനം. പദ്ധതി വിഭാവനംചെയ്യുമ്പോൾ വർഷം 120 കോടിരൂപ പിഴ ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്.

കെൽട്രോണിന്റെ സഹകരണത്തോടെ നടപ്പാക്കിയ പദ്ധതിയിൽ 230 കോടിരൂപയായിരുന്നു ചെലവ്. 11.7 കോടിരൂപവീതം 20 തവണകളായി കെൽട്രോണിന് തുക കൈമാറാനാണ് തീരുമാനിച്ചിരുന്നത്.

ഉപകരാറുകളിൽ അഴിമതി ആരോപിച്ച് പ്രതിപക്ഷം ഹൈക്കോടതിയെ സമീപിച്ചതോടെ കെൽട്രോണിനുള്ള പ്രതിഫലം തടഞ്ഞു. കോടതി അനുമതിയോടെ രണ്ടുതവണയായി 20 കോടിരൂപ കൈമാറി.

# അബ്ദുൾ റഹീമിൻെറ മോചനത്തിനായി ദയാധനം കൈമാറി; അനന്തരാവകാശികൾ കരാറിൽ ഒപ്പുവച്ചു

റിയാദ്: വധശിക്ഷക്ക് വിധിക്കപ്പെട്ട് പതിനെട്ട് വർഷമായി സൗദി ജയിലിൽ കഴിയുന്ന കോഴിക്കോട് സ്വദേശി അബ്ദുൾ റഹീമിൻറെ മോചനത്തിനായി ദയാധനം കൈമാറി. മോചനത്തിനായുള്ള അനുരഞ്ജന കരാറിൽ എതിർഭാഗത്തുള്ളവർ ഒപ്പിട്ടു.

ഇതോടെ റഹീമിൻറെ മോചനത്തിനുള്ള നടപടികൾ വേഗത്തിലാകും. ദയാധനമായ ഒന്നരക്കോടി സൗദി റിയാലിൻറെ ചെക്ക് റഹീമിന് വേണ്ടി സൗദി ഗവർണറേറ്റിന് കൈമാറിയതിനു പിന്നാലെയാണ് അനസിൻറെ അനന്തരാവകാശികൾ അനുരഞ്ജന കരാറിൽ ഒപ്പുവച്ചത്.

ദയാധനം സ്വീകരിച്ച് അബ്ദുൾ റഹിമിന് മാപ്പ് നൽകുന്നുവെന്ന് വ്യക്തമാക്കുന്നതാണ് അനുരഞ്ജന കരാർ. ഇരുവിഭാഗവും ഗവർണറേറ്റിലെത്തി ഉദ്യോഗസ്ഥർ സാക്ഷിയായി കരാറിൽ ഒപ്പുവച്ചതോടെ റഹീമിൻറെ മോചനം യാഥാർഥ്യത്തിലേക്ക് അടുക്കുകയാണ്.അനുരഞ്ജന കരാറിൽ ഒപ്പിട്ടതോടെ കോടതി നിർദേശം അനുസരിച്ച് ഒറിജിനൽ ചെക്ക് ഉൾപ്പടെയുള്ള രേഖകൾ ഗവർണറേറ്റിലോ കോടതിയിലോ സമർപ്പിക്കും. ഇതോടെ രേഖാമൂലമുള്ള എല്ലാ ഇടപാടുകളും അവസാനിക്കും.

തുടർന്ന് കോടതി നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ചായിരിക്കും മോചനവുമായി ബന്ധപ്പെട്ട അടുത്ത പടി മുന്നോട്ട് പോകുകയെന്ന് റിയാദ് സഹായ സമിതി അറിയിച്ചിട്ടുണ്ട്.

സൗദി പൗരൻറെ വീട്ടിൽ ജോലി ചെയ്യുകയായിരുന്നു അബ്ദുൾ റഹീം. രോഗിയായ കുട്ടിയെ പരിചരിക്കുന്നതിനിടെ കുട്ടിയുടെ കഴുത്തിൽ സ്ഥാപിച്ച ജീവൻ രക്ഷ ഉപകരണം അബ്ദുൾ റഹീമിൻറെ കൈതട്ടി പോകുകയും കുട്ടി മരിക്കുകയുമായിരുന്നു. തുടർന്ന് സൗദി കോടതി അബ്ദുൾ റഹീമിന് വധശിക്ഷ വിധിക്കുകയായിരുന്നു.